2026 MARCH 28

emalayalee.com

The Weekly

WEEK… …PAPER

Contact: editor@emalayalee… …7 324 4907; 917 662 1122




# പോൾ പി. ജോസ്:

## ഫോമായുടെ ഭാവിയിലേക്ക് പ്രവർത്തന പരിചയത്തിന്റെ ശബ്ദം



415+
SHOWROOMS
14 COUNTRIES
MALABAR
GOLD & DIAMONDS
EXPERIENCE JEWELLERY SHOPPING LIKE NEVER BEFORE
VISIT OUR SHOWROOM
USA
AUSTIN
NEW JERSEY
DALLAS
CHICAGO
NAPERVILLE
LOS ANGELES
ATLANTA
CANADA
AJAX | MISSISSAUGA | SURREY
OPENING SOON
IN SEATTLE AND SANTA CLARA

# പോൾ പി. ജോസ്

## ഫോമായുടെ ഭാവിയിലേക്ക് പ്രവർത്തന പരിചയത്തിന്റെ ശബ്ദം



**(മീട്ടു റഹ്മത്ത് കലാം)**

അമേരിക്കൻ മലയാളി സംഘടനകളിൽ ഏറ്റവും ശക്തവും സ്വാധീനവുമുള്ള വേദിയായ ഫോമായുടെ നേതൃത്വത്തിലേക്ക് പുതിയ ദിശാബോധം നൽകാനുള്ള ഒരുക്കത്തിലാണ് പോൾ പി. ജോസ്. ജോയിന്റ് സെക്രട്ടറി എന്ന നിലയിലുള്ള സമ്പന്നമായ പ്രവർത്തനാനുഭവവും, മെട്രോ റീജിയൻ തലത്തിൽ ആരംഭിച്ച ദീർഘകാല സംഘടനാപ്രവർത്തനവുമാണ് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കുമ്പോൾ അദ്ദേഹത്തിന്റെ കൈമുതൽ. പ്രേരിപ്പിക്കുന്നത്. ചാരിറ്റി പ്രവർത്തനങ്ങൾ മുതൽ ഭവനപദ്ധതികൾ, ആരോഗ്യരംഗത്തെ ഇടപെടലുകൾ, യുവതലമുറയെയും വനിതകളെയും സംഘടനയോട് ചേർത്തുനിർത്താനുള്ള ദൃഢമായ കാഴ്ചപ്പാട്എല്ലാം ചേർന്നൊരു പ്രവർത്തന രാഷ്ട്രീയമാണ് പോൾ പി. ജോസിന്റെ അടയാളം.

'വാക്കുകളേക്കാൾ പ്രവർത്തനം' എന്ന നിലപാടോടെ ഫോമായെ അടുത്ത തലത്തിലേക്ക് നയിക്കാനുള്ള ദർശനങ്ങളും ലക്ഷ്യങ്ങളും പോൾ പി.ജോസ് പങ്കുവയ്ക്കുന്നു...

***ഫോമായിൽ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിക്കുന്ന അനുഭവമാണോ സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിക്കാൻ പ്രേരിപ്പിച്ചത്?***

പടിപടിയായി കാര്യങ്ങൾ ചെയ്യുന്നതാണ് എന്റെ ശൈലി. ജോയിന്റ് സെക്രട്ടറി ആയി ചുമതല ഏറ്റശേഷമാണ് സംഘടനയുടെ ഉള്ളറകളെ അടുത്തറിയാൻ അവസരം ലഭിച്ചത്. ചാരിറ്റി പ്രവർത്തനങ്ങളായാലും സാമൂഹിക പദ്ധതികളായാലും കാര്യങ്ങൾ നേരിട്ട് ഇറങ്ങി നടപ്പിലാക്കാൻ കഴിഞ്ഞു. ഭവന പദ്ധതി, മെഡിക്കൽ ക്യാമ്പുകൾ, മെഡിക്കൽ പ്രിവിലേജ് കാർഡ് വിതരണം, 'അമ്മയോടൊപ്പം', 'ഹെൽപ്പിംഗ് ഹാൻഡ്സ്' പോലുള്ള പദ്ധതികൾ എല്ലാംതന്നെ അംഗങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾ മനസ്സിലാക്കിയാണ് മുന്നോട്ടു കൊണ്ടുപോയത്. ഈ അനുഭവവും വിശ്വാസവുമാണ് സെക്രട്ടറി സ്ഥാനത്തേക്ക് മുന്നോട്ട് വരാൻ ആത്മവിശ്വാസം നൽകുന്നത്.

***ഫോമായിൽ എത്ര വർഷമായി സജീവമാണ്?***

ഏകദേശം പത്ത് വർഷമായി ഫോമായിൽ സജീവമാണ്. മെട്രോ റീജിയൻ ആർവിപിയായാണ് തുടക്കം കുറിച്ചു. പിന്നീട് ജോയിന്റ് സെക്രട്ടറി എന്ന നിലയിൽ ദേശീയ തലത്തിൽ പ്രവർത്തിക്കാൻ അവസരം ലഭിച്ചു.



***ഹോം അസോസിയേഷൻ കേരള സമാജം ഓഫ് ഗ്രേറ്റർ ന്യൂയോർക്കാണല്ലോ. അവിടെ നിന്നുള്ള അനുഭവം എങ്ങനെ സഹായിച്ചു?***

കേരള സമാജത്തിന്റെ 50-ാം വാർഷിക വർഷത്തിൽ പ്രസിഡന്റായി പ്രവർത്തിക്കാൻ കഴിഞ്ഞത് വലിയ അനുഭവമായിരുന്നു. ഗോൾഡൻ ജൂബിലി ആഘോഷങ്ങൾ വിജയകരമായി നടത്താൻ സാധിച്ചു. സെക്രട്ടറി, ട്രസ്റ്റീ ബോർഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ച അനുഭവം സംഘടനാ നടത്തിപ്പിൽ വലിയ ആത്മവിശ്വാസമാണ് നൽകിയത്.

***താങ്കൾ മത്സരിക്കുന്ന പാനൽ?***

ഞാൻ ടീം വോയിസ് ഓഫ് ഫോമായുടെ ഭാഗമായാണ് മത്സരിക്കുന്നത്. പ്രവർത്തന പരിചയമുള്ള, സമാന ചിന്താഗതിയുള്ള ഒരു ടീമാണ് ഇത്. എല്ലാവരും തന്നെ വിവിധ സംഘടനകളിൽ പ്രസിഡന്റ് സ്ഥാനമടക്കം സമുന്നത പദവികൾ മികവോടെ വഹിച്ചവരാണ്.

***പാനലിലെ മറ്റ് അംഗങ്ങളെ കുറിച്ച് പറയാമോ?***

പ്രസിഡന്റ് സ്ഥാനാർത്ഥിയായി ബിജു തോണിക്കടവിൽ, ട്രഷററായി പ്രദീപ് നായർ, വൈസ് പ്രസിഡന്റായി സാമുവേൽ മത്തായി, ജോയിന്റ് സെക്രട്ടറിയായി ഡോ. മഞ്ജു പിള്ള, ജോയിന്റ് ട്രഷററായി ജോൺസൺ കണ്ണൂക്കാടൻഎല്ലാവരും ഫോമായിൽ വർഷങ്ങളായുള്ള പ്രവർത്തന പരിചയം നേടിയവരാണ്.

***'വോയിസ് ഓഫ് ഫോമ' എന്ന പേര് എന്താണ് സൂചിപ്പിക്കുന്നത്?***

ശബ്ദമില്ലാത്തവർക്ക് ശബ്ദം നൽകുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. യുവതലമുറയെയും വനിതകളെയും കൂടുതൽ ശക്തമായി സംഘടനയുമായി ബന്ധിപ്പിക്കണം. ഭാവി എപ്പോഴും യുവാക്കളിലാണ്അവരുടെ ആശയങ്ങളും പങ്കാളിത്തവും




ഫോമയുടെ വളർച്ചയ്ക്ക് അനിവാര്യമാണ്.

***ഫോമയുടെ സാമൂഹികചാരിറ്റി പദ്ധതികളെ കുറിച്ച് വിശദമാക്കാമോ?***

ഫോമയുടെ മെഡിക്കൽ പ്രിവിലേജ് കാർഡ് ഉപയോഗിച്ച് കോട്ടയം കാരിത്താസ്, തൊടുപുഴ സ്മിത മെമ്മോറിയൽ, ആസ്റ്റർ മെഡ്സിറ്റി, തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജ് എന്നിവിടങ്ങളിൽ ചികിത്സാ ഇളവുകൾ ലഭിക്കുന്നതിനുള്ള ധാരണ ഉണ്ടാക്കി. 'ഹെൽപ്പിംഗ് ഹാൻഡ്സ്' പദ്ധതിക്കായി 2,55,000 രൂപ വിതരണം ചെയ്തു. വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ നിരവധി ചാരിറ്റി പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. ഹൗസിങ് പ്രൊജക്റ്റിന്റെ ഭാഗമായി പൂർത്തീകരിച്ച വീടുകളുടെ താക്കോൽ ദാനവും നടക്കുന്നു.

***ന്യൂയോർക്ക് സിറ്റി ട്രാൻസിറ്റ് അതോറിറ്റിയിൽ ഉദ്യോഗസ്ഥനായ താങ്കൾ ഔദ്യോഗിക ചുമതലകളോടൊപ്പം ന്യൂയോർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന അസ്സോസിയേഷനുകളിലും സജീവമാണല്ലോ?***

അതെ. ജോലിക്കൊപ്പം കമ്മ്യൂണിറ്റിയുടെ കാര്യങ്ങളിൽ ഇടപെടുന്നതിൽ ഒരുകാലത്തും ബുദ്ധിമുട്ട് തോന്നിയിട്ടില്ല. ഇന്ത്യൻ കാത്തലിക് അസോസ്സിയേഷൻ ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡൻറ്, ട്രസ്റ്റി ബോർഡ് ചെയർമാൻ, നോർത്ത് ഹെംപ്സ്റ്റഡ് മലയാളി അസോസ്സിയേഷൻ ജോയിന്റ് ട്രഷറർ, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് സെക്രട്ടറി, വൈസ് മെൻസ് ക്ലബ്ബ് ട്രഷറർ എന്നിങ്ങനെയുള്ള വിവിധ സാമൂഹിക സേവനങ്ങളിലും വ്യാപൃതനാണ്. ആഗോളതലത്തിൽ വലിയൊരു സുഹൃത്ത് സമ്പത്ത് നേടാൻ കഴിഞ്ഞത് ഇതിലൂടെയാണ്.

***വോട്ടർമാരോട് പറയാനുള്ളത്?***

വാക്കുകളേക്കാൾ പ്രവർത്തനത്തിനാണ് ഞങ്ങൾ മുൻതൂക്കം നൽകുന്നത്. ജനങ്ങളുടെ പിന്തുണയും വിശ്വാസവും ഞങ്ങളുടെ ഏറ്റവും വലിയ ശക്തിയാണ്.ഐക്യവുംസുതാര്യതയും പ്രവർത്തന മികവുമുള്ള ഒരു ഫോമായാണ് സ്വപ്നം അത് യാഥാർത്ഥ്യമാക്കാൻ ഞാനും എന്റെ ടീമും പ്രതിജ്ഞാബദ്ധരായിരിക്കും. ഫോമായെ അടുത്ത തലത്തിലേക്ക് എത്തിക്കുന്നതിന് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഏറെ വൈകാതെ ടീം വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങളുടെ ഒരു രൂപരേഖ സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ രാഷ്ട്രീയ രംഗത്തും സാമൂഹിക സാംസ്കാരിക രംഗങ്ങളിലും സേവന രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മലയാളികളെ ഏകോപിപ്പിച്ചുകൊണ്ട് നമ്മുടെ സമൂഹത്തെ അമേരിക്കയുടെ മുഖ്യധാരയിൽ എത്തിക്കാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്..


TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# ടീം വോയ്‌സ് ഓഫ് ഫോമാ പാനൽ അംഗങ്ങൾ ഫാമിലി കൺവൻഷൻ ഏർളി ബേർഡ് രജിസ്ട്രേഷൻ പൂർത്തിയാക്കി




എ.എസ് ശ്രീകുമാർ

ഹൂസ്റ്റൺ: ഫോമായുടെ ഒൻപതാം ഫാമിലി കൺവൻഷന്റെ ഏർളി ബേർഡ് രജിസ്ട്രേഷൻ പൂർത്തിയാക്കി 'ടീം വോയ്‌സ് ഓഫ് ഫോമാ' പാനൽ അംഗങ്ങൾ മാതൃകകാട്ടി. ''ഫോമായുടെ ഈ കുടുംബ സംഗമത്തിന്റെ മഹാവിജയത്തിലേക്ക് ആദ്യപടിയായി നടക്കുന്ന എർലി ബേഡ് രജിസ്ട്രേഷൻ അത്യന്തം സന്തോഷകരമാണ്. ഒരുമയുടെ ശക്തിയും പങ്കാളിത്തത്തിന്റെ ആത്മാവും ഇതിലൂടെ വ്യക്തമാകുന്നു. ഈ ഉത്സാഹകരമായ തുടക്കം, കൺവൻഷന്റെ വൻ വിജയത്തിന് കാരണമാകുമെന്നതിൽ സംശയമില്ല. മാത്രമല്ല, ഏവരുടെയും സജീവ പങ്കാളിത്തം കൺവൻഷനെ മറക്കാനാവാത്ത അനുഭവമാക്കി മാറ്റുകയും ചെയ്യും...'' ടീം വോയ്‌സ് ഓഫ് ഫോമായെ നയിക്കുന്ന ബിജു തോണിക്കടവിൽ പറഞ്ഞു. മാർച്ച് 30-നാണ് ഏർളി ബേർഡ് രജിസ്ട്രേഷൻ അവസാനിക്കുന്നത്.

ഫോമാ എന്ന അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയഫെഡറേഷന്റെ കൺവൻഷൻ മഹാവിജയമാക്കാൻ എർലി ബേർഡ് രജിസ്ട്രേഷന്റെ പ്രധാന ലക്ഷ്യം മുൻ



കൂട്ടി പങ്കാളിത്തം ഉറപ്പാക്കുന്നതാണ്. ഇത് സംഘാടകർക്ക് പങ്കെടുക്കുന്നവരുടെ എണ്ണം കൃത്യമായി മനസ്സിലാക്കാനും, ആവശ്യമായ സൗകര്യങ്ങളും ക്രമീകരണങ്ങളും സമയബന്ധിതമായി ഒരുക്കാനും സഹായിക്കുന്നു. കൂടാതെ, എല്ലാവർക്കുമിടയിൽ ആവേശവും പ്രതീക്ഷയും വർധിപ്പിച്ച് ഈ മലയാളി മാമാങ്കത്തിന്റെ മഹാവിജയത്തിന് ശക്തമായ അടിത്തറ ഒരുക്കാനും സാധിക്കുമെന്ന വിശ്വാസത്തോടെയാണ് തങ്ങൾ ഏർളി ബേർഡ് രജിസ്ട്രേഷൻ പൂർത്തിയാക്കിയതെന്ന് 'ടീം വോയ്സ് ഓഫ് ഫോമാ' പാനൽ അംഗങ്ങൾ വ്യക്തമാക്കി.

ബിജു തോണിക്കടവിൽ (പ്രസിഡന്റ്), പോൾ പി ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നായർ (ട്രഷറർ), സാമുവൽ മത്തായി (വൈസ്പ്രസിഡന്റ്),ഡോ. മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവരാണ് ഫോമായുടെ 2026–'28 ഭരണ സമിതിയിലേയ്ക്ക് മൽസരിക്കുന്നത്. വരുന്ന ജൂലൈ 30, 31 ആഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ ഹൂസ്റ്റണിലെ വിഖ്യാതമായ എൻ.ആർ.ജി സ്റ്റേഡത്തിന് തൊട്ട് എതിർവശത്തുള്ള ആഡംബര ഹോട്ടൽ സമുച്ചയമായ 'വിൻധം ഹൂസ്റ്റണി'ൽ ആണ് ഫോമായുടെ 9-ാം ഫാമിലി കൺവൻഷൻ അരങ്ങേറുന്നത്. മൂന്ന് രാത്രികളിലും നാല് പകലുകളിലുമായി നടക്കുന്ന കൺവൻഷനിൽ പങ്കെടുക്കാനുള്ള ആവേശത്തിലാണ് തങ്ങളെന്ന് 'ടീം വോയ്സ് ഓഫ് ഫോമാ' അംഗങ്ങൾ പറഞ്ഞു.

ഏർളി ബേർഡ് രജിസ്ട്രേഷനുള്ള ലിങ്ക്:

https://fomaafamilyconvention2026.com/Registration.php


AMERICAN MEGA SHOW
AURA
2026
VIBE ആണ് BRO
DANCE MUSIC COMEDY
TICKET
+1 (832) 998-5873
+1 (646) 261-6314
+1 (516) 989-5834
Flock Trail
All in One Member Management Portal
SPICE GARDENS BAR & GRILL



# വിശുദ്ധവാരത്തിന്റെ പ്രസക്തിയും ചില ചിന്തകളും !



**ഫിലിപ്പ് മാരേട്ട്**

ന്യൂ ജേഴ്സി: കുരിശുമരണത്തിനു മുമ്പുള്ള യേശുവിന്റെ ജീവിതത്തിലെ അവസാനത്തെ സംഭവങ്ങളുടെ സ്മരണയാണ് വിശുദ്ധവാരം, പ്രത്യേകിച്ചും വിശുദ്ധവാരം എന്നത് ഓശാന ഞായർ മുതൽ ഉയിർപ്പ് വരെ ഉള്ള ദിനങ്ങൾ കൊണ്ട് അവസാനിക്കുന്ന ദൈവപുത്രനായ യേശുവിന്റെ പുനരുത്ഥാനത്തിനു മുമ്പുള്ള ആഴ്ചയിലെ പ്രവർത്തനങ്ങളുടെ വാർഷിക സ്മരണയാണ്. അതുപോലെതന്നെ നമ്മൾ വളരെ വേദനയോടെയും, സങ്കടങ്ങളോടെയും കടന്നുപോകാൻ ആഗ്രഹിക്കുന്ന ഒരു ആഴ്ചകൂടിയാണിത്. പ്രത്യേകിച്ചും എല്ലാ വർഷത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആഴ്ചയായിട്ടാണ് ഈ വിശുദ്ധവാരത്തെ കാണുന്നത്. അതുപോലെ നമ്മൾ ഈ വിശുദ്ധവാരത്തെ യേശുക്രിസ്തുവിന്റെ അഭിനിവേശം, മരണം, പുനരുത്ഥാനം എന്നിവയെകൂടി ഓർക്കുന്നതിനാൽ എല്ലാ ക്രിസ്ത്യാനികൾക്കും ഇത് ഒരു പുതിയ ജീവിതത്തിന്റെയും, ശാന്തമായ പ്രതീക്ഷയുടെയും ആഘോഷം കൂടിയാണ്. അതുകൊണ്ട് യേശു നമ്മെ സ്നേഹിച്ചതുപോലെ മറ്റുള്ളവരെ നമ്മൾ സ്നേഹിക്കാനും, അവൻ നമുക്ക് നൽകുന്ന ക്ഷമയെക്കുറിച്ച് ചിന്തിക്കാനും വിശുദ്ധവാരത്തെ നമുക്ക് ഉപയോഗിക്കാം.

ക്രിസ്തുമതത്തിലെ ഏറ്റവും പവിത്രമായ സമയമാണ് വിശുദ്ധവാരം, ഈ നാളുകൾ, കുരിശുമരണവും, പുനരുത്ഥാനവും, ദൈവത്തിന്റെ നിരുപാധികമായ സ്നേഹം, ത്യാഗം, പാപത്തിനെതിരായ വിജയം എന്നിവയെ സൂചിപ്പിക്കുന്നു. ഇത് വിശ്വാസികൾക്ക് വീണ്ടെടുപ്പ്, ത്യാഗപരമായ സ്നേഹം, മരണത്തിനെതിരായ വിജയം എന്നിവയെക്കുറിച്ച് ആഴത്തിൽ ചിന്തിക്കുന്നതിനുള്ള സമയംകൂടിയാണ്. പ്രത്യേകിച്ചും ഓശാന ഞായറാഴ്ച യേശു ജറുസലേമിൽ പ്രവേശിക്കുന്നത് മുതൽ വിശുദ്ധ വാരത്തിന് തുടക്കമിടുന്നതിനാൽ നമ്മുടെ ആഴത്തിലുള്ള ധ്യാനത്തിനും, പ്രാർത്ഥനയ്ക്കും, വേണ്ടിയുള്ള സമയമാണിത്. അതുകൊണ്ട് ഓശാന ഞായറാഴ്ച, മുതൽ ഈസ്റ്റർ ഞായറാഴ്ച, വരെ ഉള്ള ദിനങ്ങളിൽ ലോകമെമ്പാടുമുള്ള പള്ളികൾ ഈന്തപ്പന ശാഖകളാൽ അലങ്കരിച്ചിരിക്കുന്നു. അങ്ങനെ എല്ലാ വിശ്വാസികളെ ദൈനംദിന ശ്രദ്ധാശൈഥില്യങ്ങളിൽ നിന്ന് ആത്മീയ നവീകരണത്തിലേക്കും എളിമയുള്ള സേവനത്തിലേക്കും മാറാൻ പ്രോത്സാഹിപ്പിക്കുന്നു.

യേശുവിന്റെ ജീവിതത്തിന്റെ അവസാന ദിവസങ്ങളെ അനുസ്മരിപ്പിക്കുന്ന വിശുദ്ധവാരം, ദൈവത്തിന്റെ അപാരമായ സ്നേഹത്തിന്റെയും പാപത്തിനായുള്ള ത്യാഗപരമായ പ്രായശ്ചിത്തത്തിന്റെയും അതുപോലെ പുനരുത്ഥാനത്തിലൂടെ മരണത്തിന്മേലുള്ള ആത്യന്തിക വിജയത്തിന്റെയും ആഴമായ ഓർമ്മപ്പെടുത്തലായി വർത്തിക്കുന്നു. ഇത് വിശ്വാസികളെ ആത്മീയ നവീകരണത്തിലേക്കും, വിനയത്തിലേക്കും പെസഹാ രഹസ്യത്തെക്കുറിച്ചുള്ള ധ്യാനത്തിലേക്കും, വിളിക്കുന്നു. അതുപോലെ

വിശുദ്ധവാര, ആചാരങ്ങളിൽ വ്യാഴാഴ്ച അവസാനത്തെ അത്താഴത്തെ ഓർമ്മിപ്പിക്കുന്നു. തുടർന്ന് കാൽ കഴുകലും കൂട്ടായ്മയും ആരംഭിക്കുന്നു. ഇവ യേശുവിന്റെ കഷ്ടപ്പാടുകളെ നിത്യജീവന്റെ പ്രത്യാശയുമായി ബന്ധിപ്പിക്കുന്നു. ഈ ആചാരങ്ങൾകൊണ്ട് വിശുദ്ധവാരം വളരെ ഗൗരവമേറിയ ആഴ്ചയായി കാണപ്പെടുന്നു. കാരണം വിശുദ്ധ വ്യാഴാഴ്ച, ദുഃഖവെള്ളി, വിശുദ്ധ ശനിയാഴ്ച എന്നിവയിൽ പങ്കെടുക്കുന്നതിലൂടെയും, പ്രാത്ഥനകളിലൂടെയും വ്യക്തികൾ എല്ലാം അവരുടെ വിശ്വാസവും, ദൈവവുമായുള്ള ബന്ധവും പുതുക്കുന്നു.

ദൈവം ദൂരെ നിന്ന് സ്നേഹിച്ചില്ല, മറിച്ച് മനുഷ്യരാശിയെ രക്ഷിക്കാൻ മനുഷ്യ കഷ്ടപ്പാടുകളിലേക്ക് യേശുക്രിസ്തുവിന്റെ അവതാരത്തിലൂടെ ദൈവം പ്രവേശിച്ചുവെന്ന് ക്രിസ്ത്യാനികളെ ഓർമ്മിപ്പിക്കുന്നു. അതുപോലെ പെസഹാവ്യാഴം യേശു ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതിനെ ഓർമ്മിപ്പിക്കുന്നു, ഇത് വിശ്വാസികളെയെല്ലാം പരസ്പരം സ്നേഹിക്കാനും, സേവിക്കാനും പ്രേരിപ്പിക്കുന്നു. അതുപോലെതന്നെ യേശുവിന്റെ അഭിനിവേശവും കുരിശിലെ മരണവും പാപങ്ങൾക്കുള്ള പ്രായശ്ചിത്തത്തെ പ്രതിനിധീകരിക്കുന്നു. അങ്ങനെ മനുഷ്യരാശിയുടെ രക്ഷയ്ക്ക് നൽകിയ ഉയർന്ന വില കാണിക്കുകയും, മരണം ഒരു അവസാനമല്ലെന്നും വെളിച്ചം ഇരുട്ടിന്റെ മേൽ വിജയം നേടുന്നുവെന്നും ഉറപ്പാക്കിക്കൊണ്ട് പുനരുത്ഥാനത്തിന്റെ പ്രത്യാശ നൽകുന്നു. ഈ വിശുദ്ധവാരത്തിന്റെ പ്രധാന ഓർമ്മപ്പെടുത്തലുകൾ സ്വന്തം വിശ്വാസത്തെക്കുറിച്ച് ചിന്തിക്കാനും, ആത്മീയ മുൻഗണനകളോടെ നമ്മുടെ ജീവിതത്തെ പുനഃക്രമീകരിക്കാനുമുള്ള ആഹ്വാനമാണിത്.




യേശുക്രിസ്തുവിന്റെ കുരിശ് നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രമാണ്. വിശുദ്ധവാരത്തിലെ ഓരോ ദിവസവും അതുല്യമായ പ്രാധാന്യമുള്ളതും ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെ വ്യത്യസ്ത വശങ്ങളെക്കുറിച്ച് ധ്യാനിക്കുന്നതിനുള്ള ഒരു നിമിഷം സമ്മാനിക്കുന്നതുമാണ്. അതുകൊണ്ട് ഈ നോമ്പുകാലം ഭക്തിയിലൂടെ നാം നമ്മുടെ ഹൃദയങ്ങളെ ഒരുക്കുക. ഏറ്റവും പ്രയാസമേറിയ ഓരോ സാഹചര്യങ്ങളിൽ പോലും ദൈവകൃപയെ വിവേചിച്ചറിയാൻ ദുഃഖവെള്ളിയാഴ്ചയിൽ നമ്മുടെ മനസ്സിനെ കൂടി ഒരുക്കുക. ഞായറാഴ്ച രാവിലെ ഉയിർത്തെഴുന്നേൽപ്പിന്റെ ശക്തിയോടെ വീണ്ടും നമ്മൾ ഉയരുമെന്ന പ്രതീക്ഷയ്ക്കായി കാത്തിരിക്കുക അൽപ്പം വ്യത്യസ്തമായി പറഞ്ഞാൽ, പരമോന്നത സഹനത്തിൽ ക്രിസ്തുവിന്റെ മരണം ദൈവകൃപയുടെ മഹത്വത്തിന്റെ ഏറ്റവും ഉയർന്നതും, വ്യക്തമായതും, കൂടുതൽ ഉറപ്പുള്ളതുമാണ് എന്ന് തിരിച്ചറിയുക. അതിനാൽ നമ്മുടെ വിശ്വാസം ആഴത്തിലാക്കാൻ ഈ പുണ്യവാരം നമ്മെ ക്ഷണിക്കുന്നു.

ദൈവത്തിന്റെ കൃപയുടെ മഹത്വം പ്രകടിപ്പിക്കുക എന്നതാണ് പ്രപഞ്ചത്തിന്റെ ആത്യന്തിക ലക്ഷ്യം. ദശലക്ഷക്കണക്കിന് അനർഹരായ പാപികൾക്കുവേണ്ടി നമ്മുക്ക് പ്രാർത്ഥിക്കാം. ഈ നോമ്പുകാലത്ത് പ്രാർത്ഥനയിലും, ഉപവാസത്തിലും, ദാനധർമ്മങ്ങളിലും, സമയം ചെലവഴിക്കുന്നത്, ദുഃഖവെള്ളിയാഴ്ചയിലെ യേശുവിന്റെ ബലിയെയും, ഈസ്റ്ററിലെ ഉയിർപ്പിനെയും, കൂടുതൽ അർത്ഥവത്തായതാക്കും. ക്രിസ്ത്യാനികൾ യേശുവിന്റെ മരണത്തെ ഓർക്കുന്ന ദിവസമാണ് ദുഃഖവെള്ളി. നമ്മുടെ തെറ്റുകൾക്കോ പാപങ്ങൾക്കോ ദൈവത്തിന്റെ പാപമോചനം ലഭിക്കുന്നതിന് യേശുവിന്റെ മരണം നമുക്കുവേണ്ടി എങ്ങനെ ഒരു യാഗമായിരുന്നുവെന്ന് പ്രതിഫലിപ്പിക്കുന്നു. അതുപോലെ യേശു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റതിന്റെ സന്തോഷകരമായ ആഘോഷമാണ് ഈസ്റ്റർ ഞായറാഴ്ച. ഇത് നമുക്ക് നിത്യജീവന്റെ അവസരം നൽകുകയും, നമ്മൾ മരിക്കുമ്പോൾ, ഈ ജീവിതത്തിൽ ദൈവവുമായി ഒരു ബന്ധം

പുലർത്തുവാനും സ്വർഗത്തിൽ അവനോടൊപ്പം നിത്യത ചെലവഴിക്കാനും, വഴിയൊരുക്കുന്നു.

യേശുവിന്റെ ജീവിതത്തിലൂടെയും, മരണത്തിലൂടെയും, ദൈവം നമുക്ക് രക്ഷ പ്രദാനം ചെയ്യുന്നു. അതുപോലെ കഷ്ടതകളിലൂടെയും, വേദനയിലൂടെയും, ദൈവം നമ്മുക്ക് ഒരു വഴി നൽകുന്നു. അതിനാൽ ഇവയെല്ലാം യേശുവിന്റെ സ്നേഹത്തിന്റെയും, വീണ്ടെടുപ്പിന്റെയും, യാത്രയെക്കുറിച്ചുള്ള തീവ്രമായ ധ്യാനത്തിനും, ആത്മീയ നവീകരണത്തിനുമുള്ള സമയമാണിത്. ഒരു പക്ഷേ ഇത് ഞായറാഴ്ച രാവിലെ ഉയിർത്തെഴുന്നേൽപ്പിലേക്ക് തിടുക്കം കൂട്ടാൻ നമ്മെ പ്രലോഭിപ്പിച്ചേക്കാം. എന്നാൽ ക്ഷമയും, കൂടുതൽ ധൈര്യവും, ആവശ്യമുള്ള ചില കാര്യങ്ങളുണ്ട്. അതായത് നമ്മളുടെ കഷ്ടപ്പാടുകൾക്കും, ശാരീരിക രോഗങ്ങൾക്കും, അതുപോലെ മാനസികരോഗങ്ങൾക്കും, അഗാധമായ ദുഃഖത്തിനും, വ്യക്തിപരമായ നഷ്ടത്തിനും, എളുപ്പമുള്ള ഉത്തരങ്ങളില്ല. ഇതെല്ലം ദൈവത്തിനറിയാമെങ്കിലും ദൈവം നമുക്ക് 'ക്രിസ്തുവിനെയും ക്രൂശിക്കപ്പെട്ടവനെയും' നൽകുന്നു. ഒരുപക്ഷേ, നമ്മുടെ ഏറ്റവും പ്രയാസകരമായ ഓരോ നിമിഷങ്ങളിലും, യേശുവിനോടൊപ്പം കാത്തിരിക്കുക, എന്നതാണ് നമുക്ക് ചെയ്യാൻ കഴിയുന്നത്.

ദൈവം സന്നിഹിതനും വിശ്വസ്തനുമാണ്. ദൈവത്തിന്റെ വീണ്ടെടുപ്പിനെകുറിച്ച് ആർക്കറിയാം?. എല്ലാം നഷ്ടപ്പെട്ടുവെന്ന് നാം കരുതുന്ന സമയത്ത് മതിയായ കൃപ, പുതുക്കിയ ശക്തി, കഷ്ടത മുതലായവ നമ്മെ ദൈവത്തിൽ ആശ്രയിക്കാൻ പഠിപ്പിക്കുന്നു. ജീവിതത്തിലെ എല്ലാം നമ്മുടെ വഴിക്ക് പോകുന്നില്ല എങ്കിലും നമ്മൾ പൂന്തോട്ടത്തിലെ യേശുവിന്റെ പ്രാർത്ഥന ഓർക്കുക. 'പിതാവേ, നിനക്കു മനസ്സുണ്ടെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് എടുക്കേണമേ; എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ'. ഇവിടെ യേശു മരിക്കാൻ ആഗ്രഹിച്ചില്ല. പകരം, അവൻ മരിക്കാൻ തയ്യാറായിരുന്നു. തുടർന്ന്, കുരിശിൽ തൂങ്ങിക്കിടക്കുമ്പോൾ, 'യേശു ഉറക്കെ വിളിച്ചു: പിതാവേ, ഞാൻ എന്റെ ആത്മാവിനെ അങ്ങയുടെ കരങ്ങളിൽ ഏൽപ്പിക്കുന്നു. ഇതു പറഞ്ഞപ്പോൾ യേശു അന്ത്യശ്വാസം വലിച്ചു'. ഇവിടെ നമ്മൾ കാണുന്നത് വളരെയധികം കഷ്ടപ്പാടുകളുടെ സാന്നിധ്യത്തിൽ, യേശു തന്റെ അവസാന ശ്വാസം വരെയും ദൈവത്തിൽ വിശ്വസിച്ചു.എന്നതാണ്. ഇതാണ് ഏറ്റവും വലിയ പാഠം. ജീവിതം മുതൽ മരണം വരെയും, മരണത്തിൽ നിന്ന് നിത്യജീവൻ വരെയും, യേശു ദൈവത്തെ മുറുകെ പിടിച്ചു.

ഈ വിശുദ്ധവാരം, വിശുദ്ധിയിലും, പ്രാർത്ഥനയിലും, ഉപവാസത്തിലും, ത്യാഗപ്രവർത്തികളിലും, ചെലവഴിക്കാൻ നാം ശ്രദ്ധിക്കണം. ക്രിസ്തുവിനോടൊപ്പം ക്രൂശിക്കപ്പെടാൻ നമ്മുടെ പാപാവസ്ഥയെ നമുക്കും വിട്ടു കൊടുക്കാം. ദൈവപുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. എന്നാൽ അനുസരിക്കാത്തവനോ ദൈവക്രോധം അവന്റെ മേൽ വസിക്കും. തന്റെ ദയയാൽ മരിച്ചവർക്ക് ജീവൻ കൊടുക്കുന്നവനും, സ്വമനസാലെ ജഡത്തിൽ മരിച്ചു തിരുവുള്ളം തോന്നിയതിനാൽ മരിച്ചവനെപ്പോലെ പാതാളത്തിലേക്ക് ഇറങ്ങുകയും, മരിച്ചവരോടുകൂടെ മൂന്നു ദിവസം താമസിക്കുകയും ചെയ്ത യേശു അവിടെ ആദിമനുഷ്യനായ ആദാം മുതൽ ക്രിസ്തുവിന്റെ കുരിശു മരണം വരെ ഉള്ള നാളുകളിൽ പാതാളത്തിൽ സംസ്കരിക്കപ്പെട്ടവരോട് പുനരുത്ഥാനത്തെപ്പറ്റിയും, നിദ്രപ്രാപിച്ചവരോട് സത്യശരണവും, പരേതരോട് ജീവനും, മരണമില്ലായ്മയെപറ്റിയും, തടവിലാക്കപ്പെട്ടിരുന്ന മരിച്ചുപോയവരുടെ ആത്മാക്കളോട് സുവിശേഷം അറിയിക്കുകയും, അതുപോലെ പുനരുത്ഥാനത്തിന്റെ അറിവ് നല്കി എല്ലാവരെയും ജീവിപ്പിക്കുകയും ചെയ്തതുപോലെ, ക്രിസ്തുവിന്റെ പുനരുത്ഥാനത്തോടൊപ്പം വിശുദ്ധിയുള്ള ഒരു പുതു സൃഷ്ടിയായി നമുക്കും ഉയിർത്തെഴുന്നേല്ക്കാം.

എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ വിശുദ്ധ വാരത്തിന്റെയും ഈസ്റ്ററിന്റെയും മംഗളങ്ങൾ ആശംസിക്കുന്നു.

ഫിലിപ്പ് മാരേട്ട്






NRS PAY
TAP, DIP, SWIPE OR KEY!
ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!
Simplify your payment acceptance.
अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।
NRS PAY
nrspay.com
FREE Credit Card Reader
NO Long-Term Contracts
NO Hidden Fees
NO Early Termination Fee
GET STARTED TODAY!
Call (877) 202-8112
or visit nrspay.com
NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# സർഗ്ഗവേദിയിൽ ബാബു പാറയ്ക്കലിന്റെ രണ്ടു പുസ്തകങ്ങൾ പ്രകാശനം ചെയ്തു



**പി. ടി. പൗലോസ്**

ന്യൂയോർക്ക് സർഗ്ഗവേദിയുടെ ആഭിമുഖ്യത്തിൽ എൽമണ്ടിലുള്ള കേരളാ സെന്ററിൽ വച്ച് മാർച്ച് 22 ഞായറാഴ്ച്ച നടന്ന യോഗത്തിൽ അമേരിക്കൻ മലയാളി എഴുത്തുകാരനായ ശ്രീ ബാബു പാറയ്ക്കലിന്റെ രണ്ടു പുസ്തകങ്ങൾ പ്രകാശനം ചെയ്യപ്പെട്ടു. യോഗത്തിൽ ജനനി മാസികയുടെ ചീഫ് എഡിറ്ററും മലയാളി സമൂഹത്തിന്റെ പ്രിയങ്കരനുമായ ശ്രീ ജെ. മാത്യൂസ് മുഖ്യാതിഥിയും മാധ്യമ പ്രവർത്തകനും എഴുത്തുകാരനും വാൽക്കണ്ണാടിയിൽ കൂടി സമൂഹത്തിന്റെ പ്രതിബിംബം അളക്കുന്ന നിരീക്ഷകനുമായ ശ്രീ കോരസൺ വർഗീസ് അദ്ധ്യക്ഷനുമായിരുന്നു. യോഗത്തിൽ അമേരിക്കൻ മലയാളി സാഹിത്യകാരന്മാരിൽ പ്രമുഖനായ കവി ശ്രീ സന്തോഷ് പാലാ എം സി യായിരുന്നു. സർഗവേദി സംഘാടകനും പ്രശസ്ത സാഹിത്യകാരനും നാടകകൃത്തുമായ ശ്രീ പി. ടി. പൗലോസ്



സ്വാഗതം ആശംസിച്ചു.

ശ്രീ ബാബു പാറയ്ക്കലിന്റെ മൂന്നാമത്തെ പുസ്തകമായ 'മഞ്ഞിൽ വിരിഞ്ഞ റഷ്യ' ശ്രീ ജെ. മാത്യൂസ് ആദ്യകാല നോവലിസ്റ്റായ ശ്രീ ജോർജ് സാമുവേലിന് ആദ്യ പ്രതി നൽകിക്കൊണ്ട് പ്രകാശനം നിർവ്വഹിച്ചു. നാലാമത്തെ പുസ്തകമായ 'റെയിൽ ചക്രങ്ങൾ' ശ്രീ കോരസൺ വർഗീസ്, നായർ ബെനിവലന്റ് അസോസിയേഷൻ പ്രസിഡന്റും ചലച്ചിത്ര നിർമ്മാതാവുമായ ശ്രീ ക്രിസ് തോപ്പിലിന് ആദ്യ പ്രതി നൽകിക്കൊണ്ട് നിർവ്വഹിച്ചു.

ശ്രീ കോരസൺ വർഗീസ് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ 'മഞ്ഞിൽ വിരിഞ്ഞ റഷ്യ' എന്ന യാത്രാവിവരണം ഇത്രയധികം കളർ ചിത്രങ്ങളോടുകൂടി വായനക്കാർക്ക് ആകർഷകമാകുന്ന രീതിയിൽ ഒരു പുസ്തകമാക്കി പ്രസിദ്ധീകരിക്കാൻ ശ്രദ്ധിച്ച ബാബുവിന്റെ ശ്രമങ്ങളെ പ്രകീർത്തിച്ചു. മുഖ്യാതിഥിയായി പ്രഭാഷണം നടത്തിയ ശ്രീ ജെ. മാത്യൂസ് കൂടുതലായും സംസാരിച്ചത് 'റെയിൽ ചക്രങ്ങൾ' എന്ന ചെറുകഥാസമാഹാരത്തെ പറ്റിയാണ്. പതിനെട്ടു കഥകൾ ഉൾക്കൊള്ളുന്ന ഈ പുസ്തകത്തിലെ എല്ലാ കഥകളും ഹൃദയസ്പർശിയാണെന്നും തീർച്ചയായും വായിച്ചിരിക്കേണ്ടതാണെന്നും അതിലെ ഏതാനും കഥകൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം ഊന്നിപ്പറഞ്ഞു.





തുടർന്ന് പ്രവാസി സമൂഹത്തിനു ചിരപരിചിതരായ ജയൻ കെ.സി., അജിത് നായർ, കെ. കെ. ജോൺസൺ, കേരള സെന്റർ പ്രസിഡന്റ് അലക്സ് എസ്തപ്പാൻ, ജോസ് ചെരിപുറം, രാജു തോമസ്, മോൻസി കൊടുമൺ, കോശി തോമസ്, ക്രിസ് തോപ്പിൽ, രാജു ചിറമണ്ണിൽ, ഗ്ലോബൽ വോയിസ് ചീഫ് എഡിറ്റർ ഫിലിപ്പ് മഠത്തിൽ, കേരള സമാജം മുൻപ്രസിഡന്റ് സജി ഏബ്രഹാം എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. ശ്രീ ക്രിസ് തോപ്പിൽ തന്റെ ഹ്രസ്വ വാക്കുകളിൽ 'മഞ്ഞിൽ വിരിഞ്ഞ റഷ്യ' എന്ന യാത്രാവിവരണം റഷ്യയുടെ ഉൾനാടുകളെപ്പറ്റിയും ചരിത്രത്തെപ്പറ്റിയും വായനക്കാർക്ക് വളരെ അറിവ് നൽകുന്നവയാണെന്നും അതുകൊണ്ട് നമ്മുടെ ഇളം തലമുറയ്ക്കു വേണ്ടി അതിന്റെ ഇംഗ്ലീഷ് പരിഭാഷയെപ്പറ്റി ഗ്രന്ഥകർത്താവ് ചിന്തിക്കണമെന്നും അഭ്യർത്ഥിച്ചു. ശ്രീ ബാബു പാറയ്ക്കൽ കഥയും തിരക്കഥയും സംവിധാനവും നിർവ്വഹിച്ച 'ഇൻസൈറ്റ്' (INSIGHT) എന്ന ഷോർട്ട് ഫിലിം പ്രേക്ഷകർക്ക് ഇഷ്ടപ്പെട്ടതുപോലെ ഈ പുസ്തകങ്ങളും വായനക്കാർക്കു പ്രിയപ്പെട്ടതാകുമെന്നതിനു സംശയമില്ലെന്നദ്ദേഹം കൂട്ടിച്ചേർത്തു. അലക്സ് എസ്തപ്പാൻ ഈ പ്രവാസി സമൂഹത്തിലെ പ്രബുദ്ധരായ മലയാളികൾ ഏവരും കേരളാ സെന്ററിന്റെ അംഗമാകേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടുകയുണ്ടായി.

അമേരിക്കയിൽ സന്ദർശനാർത്ഥം എത്തിയിരിക്കുന്ന യുവ സാഹിത്യകാരി നഫീസ



കോലോത്ത് തയ്യിലിന്റെ സാന്നിധ്യം യോഗത്തിൽ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. കഥാകൃത്ത് ബാബു പാറയ്ക്കലിനെ അഭിനന്ദിച്ചതോടൊപ്പം മുസ്ലിം വംശജയായ താൻ സാമുദായിക വേലിക്കെട്ടുകളെ അതിജീവിച്ചു രണ്ടു കൃതികൾക്ക് ജന്മം കൊടുത്ത കഥ ഹൃസ്വമായി വിശദീകരിച്ചത് സദസ്സ് ഹർഷാരവത്തോടെയാണ് കേട്ടത്.

ശ്രീ ബാബു പാറയ്ക്കൽ തന്റെ മറുപടി പ്രസംഗത്തിൽ 'കേരളാ സെന്റർ' എന്ന മേൽക്കൂരയ്ക്കു കീഴിൽ ഇവിടത്തെ മലയാളികൾക്ക് ഒത്തുചേരാനും സർഗവേദി പോലെയുള്ള സാഹിത്യ സംഘടനകളെ പ്രോത്സാഹിപ്പിക്കയും ചെയ്ത് മലയാള ഭാഷയെയും സംസ്കാരത്തെയും ഇളം തലമുറയ്ക്കു മൂല്യച്യുതി വരാതെ കൈമാറാനും നമ്മുടെ അസ്തിത്വത്തിന് അനുദിനം തിളക്കമേകാനും ഏതാണ്ട് മൂന്നര പതിറ്റാണ്ടു മുൻപ് തുടക്കമിട്ട പ്രവർത്തനത്തിന് നാഴികക്കല്ലായ ശ്രീ ഇ. എം. സ്റ്റീഫന് പ്രത്യേകം നന്ദി അർപ്പിച്ചു.

സർഗ്ഗവേദിയുടെ ആഭിമുഖ്യത്തിൽ തന്റെ പുതിയ രണ്ടു പുസ്തകങ്ങളുടെ പ്രകാശനം നടത്താൻ സാധിച്ചതിൽ സർഗ്ഗവേദിയുടെ സംഘാടകരോട് കടപ്പെട്ടിരിക്കുന്നു എന്ന് പറയുകയുണ്ടായി. പതിനൊന്നു ദിവസത്തെ റഷ്യൻ പര്യടനത്തെ ആസ്പദമാക്കി രചിച്ച 'മഞ്ഞിൽ വിരിഞ്ഞ റഷ്യ' യ്ക്ക് ഹൃദ്യമായ ഒരു അവതാരിക എഴുതി നൽകിയ കഥാകൃത്തും നിരൂപകനും അമേരിക്കൻ മലയാള സാഹിത്യ രചയിതാക്കളുടെ പ്രചോദന സ്രോതസ്സുമായ ശ്രീ സുധീർ





പണിക്കവീട്ടിലിനോടും 'റെയിൽ ചക്രങ്ങൾ' എന്ന ചെറുകഥാ സമാഹാരത്തിന് അവതാരിക എഴുതി നൽകിയ നോവലിസ്റ്റ് ശ്രീ ഇ. സന്തോഷ് കുമാറിനോടുമുള്ള നന്ദിയും സ്നേഹവും ശ്രീ പാറയ്ക്കൽ എടുത്തു പറയുകയുണ്ടായി. സഹൃദയരും സുഹൃത്തുക്കളുമായി വന്നു ചേർന്ന നിറഞ്ഞ സദസ്സിനും കേരളാ സെന്റർ പ്രസിഡന്റ് ശ്രീ എസ്തപ്പാന് പ്രത്യേകമായും അദ്ദേഹം നന്ദി രേഖപ്പെടുത്തി.

തുടർന്ന് ശ്രീ സന്തോഷ് പാലാ മധുരതരമായി ആലപിച്ച കവിതയോടും ഉപസംഹാരത്തോടും കൂടി പരിപാടികൾക്ക് തിരശീല വീണു.

ഈ പുസ്തകങ്ങൾ വാങ്ങണമെന്ന് താത്പര്യമുള്ളവർ ശ്രീ ബാബു പാറയ്ക്കലിന് 1-516-554-1607 എന്ന വാട്ട്സ്ആപ്പ് നമ്പരിൽ മെസ്സേജ് അയയ്ക്കുക.




NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ


FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# ജനകീയ പ്രവർത്തനങ്ങളുടെ അജണ്ടയുമായി ടീം വോയ്സ് ഓഫ് ഫോമാ സാൻഫ്രാൻസിസ്കോയിൽ




emalayalee.com

എ.എസ് ശ്രീകുമാർ

സാൻഫ്രാൻസിസ്കോ: അമേരിക്കൻ മലയാളി സമൂഹത്തിന്റെ ആശയഭിലാഷങ്ങൾക്കൊത്ത് ഫോമായുടെ ജനകീയ പ്രവർത്തനങ്ങളുടെതുടർച്ചയ്ക്കുംഭാവനാപൂർണമായ പുത്തൻ പദ്ധതികളുടെ ആവിഷ്കാരത്തിനുമായി 2026-'28 ഭരണ സമിതിയിലേയ്ക്ക് മൽസരിക്കുന്ന 'ടീം വായ്സ് ഓഫ് ഫോമാ'യ്ക്ക് മലയാളി അസോസിയേഷൻ ഓഫ് നോർത്ത് കാലിഫോർണിയ (മങ്ക), ബേ മലയാളി എന്നീ സംഘടനകൾ ഹൃദ്യമായ സ്വീകരണം നൽകി. നാഷണൽ ഇലക്ഷന്റെ ഭാഗമായി ബേ ഏരിയയിലെ കേരളാ ഹൗസിൽ മാർച്ച് 14-ന് നടന്ന സ്വീകരണ യോഗം ടീം വോയ്സ് ഓഫ് ഫോമായ്ക്ക് ലഭിക്കുന്ന ജനപിന്തുണ അടയാളപ്പെടുത്തുന്നതായിരുന്നു.

ഫോമാ സമയോചിതമായി നടപ്പാക്കേണ്ട പദ്ധതികളെപ്പറ്റി അസോസിയേഷൻ ഭാരവാഹികൾ സംസാരിക്കുകയും തങ്ങൾ തിരഞ്ഞെടുക്കപ്പെട്ടാൽ അക്കാര്യങ്ങൾ നിർവഹിക്കുമെന്ന് ടീം വോയ്സ് ഓഫ് ഫോമാ പാനൽ അംഗങ്ങൾ അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം വ്യക്തമാക്കുകയും ചെയ്തു. ഫോമാ 20 വർഷം പൂർത്തിയാക്കുന്ന ചരിത്ര മുഹൂർത്തം സമുചിതമായി ആഘോഷിക്കുന്ന പത്താംത്തെ കൺവൻഷൻ അവിസ്മരണീയമാക്കുകയെന്ന ലക്ഷ്യവും തങ്ങൾക്കുണ്ടെന്ന് പ്രസിഡന്റ് സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ പറഞ്ഞു. യോഗത്തിൽ ടീം വോയ്സ് ഓഫ് ഫോമാ തങ്ങളുടെ നയ സമീപനങ്ങൾ അസോസിയേഷനുകളെ ബോധ്യപ്പെടുത്തി.

2026-28കാലയളവിൽ സ്ത്രീകൾക്കും യുവജനങ്ങൾക്കും പ്രത്യേക പരിഗണന നൽകുന്ന ഒട്ടേറെ പരിപാടികൾ ആവിഷ്കരിക്കാനാണ് ടീം വോയ്സ് ഓഫ് ഫോമാ ഉദ്ദേശി

ക്കുന്നത്. വിദ്യാർത്ഥികൾ, ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവർ തുടങ്ങി അമേരിക്കയിൽ എത്തിപ്പെടാൻ ആഗ്രഹിക്കുന്ന മലയാളികൾക്ക് എല്ലാവിധ സഹായങ്ങളും മാർഗനിർദേശങ്ങളും പുതിയ കമ്മറ്റി ഉറപ്പുനൽകുന്നു. വിവിധ മേഖലകളിലുള്ള ചാരിറ്റി പ്രവർത്തനങ്ങൾക്ക് പുറമെ, ഭാഷാ, വിദ്യാഭ്യാസ, സാംസ്കാരിക, തൊഴിൽ രംഗങ്ങളിൽ പുത്തൻ ആശയങ്ങളിലൂന്നിയ പ്രോജക്കുകളായിരിക്കും നടപ്പാക്കുകയെന്ന് 'ടീം വോയ്സ് ഓഫ് ഫോമാ വ്യക്തമാക്കി.


2022-24 ഫോമാ എക്സിക്യൂട്ടീവ് കമ്മറ്റിയിലെ ട്രഷററായി മിന്നുന്ന പ്രകടനം കാഴ്ചവച്ച ബിജു തോണിക്കടവിൽ എൺപതിനായിരത്തിലധികം ഡോളർ മിച്ചമുണ്ടാക്കിയതുൾപ്പെടെയുള്ള നേട്ടങ്ങളുമായാണ് സ്ഥാനമൊഴിഞ്ഞത്. ഫോമായുടെ അംഗബലം വർധിപ്പിക്കുന്നതോടൊപ്പം ദീർഘവീക്ഷണത്തോടെയുള്ളതും കാലാനുസൃതവുമായ വികസന പരിപാടികളോടെയാണ് ഫോമായെ നയിക്കുന്നതിനുള്ള അംഗീകാരത്തിനായി ജനസമക്ഷം എത്തുന്നതെന്ന് ബിജു തോണിക്കടവിൽ ആവർത്തിച്ചു.

ഫോമായുടെ പ്രബുദ്ധമായ പാരമ്പര്യം നിലനിർത്തിക്കൊണ്ട് കർമഭൂമിയിലും ജന്മഭൂമിയിലും ചാരിറ്റി ഉൾപ്പെടെയുള്ള പുതിയ പദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം നിലവിലുള്ള പദ്ധതികളുടെ തുടർച്ചയുമുണ്ടാവും.


യോഗത്തിൽ സാജൻ മൂലേപ്ലാക്കൽ (ആർ.വി.പി കാൻഡിഡേറ്റ്), ഡാനിഷ് തോമസ് (നാഷണൽ കമ്മിറ്റി കാൻഡിഡേറ്റ്), ഷൈജു വർഗീസ് (നാഷണൽ കമ്മിറ്റി കാൻഡിഡേറ്റ്), നൗഫൽ (പ്രസിഡന്റ് ബേ മലയാളി), പദ്മപ്രിയ (മങ്ക പ്രസിഡന്റ്), റെനി പൗലോസ്, വിൻസെന്റ് ബോസ്, ജാസ്മിൻ പരോൾ, സുബാഷ് സ്കറിയ, ജിതേഷ് ചന്ദ്രൻ, ജാക്സൺ പൂയപ്പാടം, ജോൺ പോൾ വർക്കി, സുനിൽ വർഗീസ്, മേരി ദാസൻ, ജോബി പൗലോസ്, ആന്റപ്പൻ ഇല്ലിക്കാട്ടിൽ, ജേക്കബ് എഫ്രേം, ടോജോ തോമസ് തുടങ്ങിയവർ ടീം വോയ്സ് ഓഫ് ഫോമായ്ക്ക് ആശംസകളും നേർന്നു.

അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ ഫെഡറേഷനായ ഫോമായുടെ ചരിത്രത്തിൽ രേഖപ്പെടുത്തുന്ന വേറിട്ട ഒരു വികസനോന്മുഖ ഭരണം കാഴ്ചവയ്ക്കുന്നതിനായി വോട്ടുകൾ നൽകി തങ്ങളെ ആശീർവദിക്കണമെന്ന് വിവിധ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന ബിജു തോണിക്കടവിൽ (പ്രസിഡന്റ്), പോൾ പി ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നായർ (ട്രഷറർ), സാമുവൽ മത്തായി (വൈസ് പ്രസിഡന്റ്), മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവർ ഏവരോടും ഹൃദയപൂർവം അഭ്യർത്ഥിച്ചു.





Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com


'indescribable yet truthful'
Lord Shiva's
Visit to a Home
In Edison, New Jersey, USA
Abhishek Mishra inspires
people to recognize the
existence of a 'Divine Power'
The Mishra Family welcomes visitors to learn about and
experience the spiritual miracle. Contact 1-732-690-0404

# വിശ്വാസ്യത മുഖമുദ്രയാക്കിയ 'ടീം പ്രോമീസി'ന് ഒക്കലഹോമ മലയാളി അസോസിയേഷന്റെ ഊഷ്മളമായ സ്വീകരണം




ഒക്കലഹോമ: വിശ്വാസവും സത്യസന്ധതയും ഉത്തരവാദിത്തവും സുതാര്യതയും പ്രവർത്തന മന്ത്രമാക്കി ഫോമായുടെ 2026–'28 ഭരണ സമിതിയിലേയ്ക്ക് ആത്മവിശ്വാസത്തോടെ ജനവിധി തേടുന്ന 'ടീം പ്രോമീസ്' പാനൽ അംഗങ്ങൾക്ക് ഒക്കലഹോമ മലയാളി അസോസിയേഷൻ (ഒ.എം.എ) ഊഷ്മളമായ വരവേൽപ്പ് നൽകി. മാത്യു വർഗീസ് നയിക്കുന്ന ടീം പ്രോമിസിന്റെ സ്ഥാനാർത്ഥികൾ ഒക്കലഹോമ മലയാളി അസോസിയേഷന്റെ കമ്മിറ്റി അംഗങ്ങളുമായി ആശയവിനിമയം നടത്തുകയും ഫോമായുടെ ഭാവി വളർച്ചയെക്കുറിച്ചും ഇനി നടപ്പാക്കേണ്ട സ്വപ്ന പദ്ധതികൾ സംബന്ധിച്ചും തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. സൗഹാർദപരമായ സംഭാഷണം



ദീർഘ വീക്ഷണമുള്ളതും സൃഷ്ടിപരവുമായിരുന്നു.

ടീം പ്രോമിസിന്റെ പ്രസിഡന്റ് സ്ഥാനാർത്ഥിയും നാല് പതിറ്റാണ്ട് കാലത്തെ സംഘടനാ പ്രവർത്തന മികവുള്ള വ്യക്തിത്വവുമായ മാത്യു വർഗീസ് (ജോസ്), ജനറൽ സെക്രട്ടറി സ്ഥാനത്തേയ്ക്ക് മൽസരിക്കുന്ന അനു സ്കറിയ, ട്രഷറർ സ്ഥാനാർത്ഥി ബിനോയ് തോമസ്, ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി), ടിറ്റോ ജോൺ (ജോ ട്രഷറർ) എന്നിവരുടെ പ്രവർത്തനങ്ങൾ ഫോമായ്ക്ക് മുതൽക്കൂട്ടാവുമെന്ന് അവർക്ക് ആശംസകൾ നേർന്നുകൊണ്ട് ഒ.എം.എ ഭാരവാഹികൾ പറഞ്ഞു.

ഒ.എം.എ പ്രസിഡന്റ് ആഞ്ചല ഉമ്മനും സെക്രട്ടറി ജോഷ്ന ഫിലിപ്പോസും നേതൃത്വം നൽകിയ പരിപാടിയിൽ മൽസൂർ മുസ്തഫ (വൈസ് പ്രസിഡന്റ്), നാൻസി ജേക്കബ് (ആർട്ട് & കൾച്ചറൽ കോർഡിനേറ്റർ & ഫോമ സതേൺ റീജിയൺ വനിതാ ഫോറം കമ്മിറ്റി അംഗം), സാനു എബ്രഹാം (സ്പോർട്സ് സെക്രട്ടറി), ഷിജി ജോയ്ക്കുട്ടി (വനിതാ പ്രതിനിധി), ഷിബു ജേക്കബ് (ജോയിന്റ് സെക്രട്ടറി), സാം ജോൺ (ഫോമ സതേൺ റീജിയൺ സെക്രട്ടറി), ഷേർലി ജോൺ, ഇവാൻ തോമസ്, സാൻജോ ബാബു, ജോർജ്ജ് ചിറയിൽ എന്നിവർ സംസാരിച്ചു.

വനിതാ ശാക്തീകരണം മുദ്രാവാക്യമായി പ്രവർത്തിക്കുന്ന ഒക്കലഹോമ മലയാളി അസോസിയേഷൻ വനിതകളെ താക്കോൽ സ്ഥാനങ്ങളിൽ നിയോഗിച്ചുകൊണ്ട് മാതൃകാപരമായി പ്രവർത്തിക്കുന്ന നോൺ പ്രോഫിറ്റ് സംഘടനകളിൽ ഒന്നാം സ്ഥാനത്ത് നിലകൊള്ളുന്ന പ്രസ്ഥാനമാണെന്ന് ടീം പോമീസ് അംഗങ്ങൾ പറഞ്ഞു. ഫോമാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഒരു ടീം ഇതാദ്യമായി ഒക്കലഹോമയിൽ സന്ദർശനം നടത്തുന്നതിനാൽ








ഈ കൂടിക്കാഴ്ച ഒരു സുപ്രധാന നാഴികക്കല്ലാണെന്ന് ടീം പ്രോമീസ് സാരഥി മാത്യു വർഗീസ് ചൂണ്ടിക്കാട്ടി. കാരണം ഒക്കലഹോമ മലയാളി അസോസിയേഷന്റെ സംഭാവനകൾ ഫോമായെ സംബന്ധിച്ചിടത്തോളം വിലപ്പെട്ടതു തന്നെയാണ്. അത് മാനിച്ചുകൊണ്ടാണ് ടീം പ്രോമീസ് അവരുമായി കൂടിക്കാഴ്ച നടത്തിയത്.

സ്ത്രീപക്ഷ നിലപാടിനും എല്ലാവരെയും ഉൾക്കൊള്ളുന്ന സമീപനത്തിനും പേരുകേട്ട ടീം പ്രോമിസ്, ഒ.എം.എയുടെ രീതികൾക്ക് സമാനമായാണ് പ്രവർത്തിക്കുന്നത്.ഫോമായുടെ നേതൃത്വത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടേണ്ടവരെ പ്രതിഭ, പ്രതിബദ്ധത, സാമർത്ഥ്യം, കഠിനാധ്വാനം, ദീർഘവീക്ഷണം എന്നിവയുടെ അടിസ്ഥാനത്തിൽ വിലയിരുത്തണമെന്ന് ടീം പ്രോമീസ് സ്ഥാനാർത്ഥികൾ പറഞ്ഞു. സ്ത്രീ പുരുഷ ഭേദമില്ലാതെ സംഘടനയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുവേണ്ടിയാണ് തങ്ങൾ നിലകൊള്ളുന്നതെന്നും അവർ വ്യക്തമാക്കി.

സുതാര്യത, സമഗ്ര വികസനം, യുവജന ശാക്തീകരണം തുടങ്ങിയവയെക്കുറിച്ചുള്ള മാതൃകാ രേഖ ടീം പ്രോമീസ് ഒ.എം.എയുമായി പങ്കുവച്ചു. തിരഞ്ഞെടുക്കപ്പെട്ടാൽ, ഫോമയ്ക്ക് കീഴിലുള്ള ഓരോ അംഗ സംഘടനകളുമായും കൂടുതൽ ചേർന്ന് പ്രവർത്തത്തിക്കാനാണ് ടീം പ്രോമീസ് ആഗ്രഹിക്കുന്നത്. ഭാവിയിൽ ഒക്കഹോമ മലയാളി അസോസിയേഷനുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള താത്പര്യവും ടീം പ്രോമീസ് വെളിപ്പെടുത്തി. ഇത് തിരഞ്ഞെടുപ്പ് കാമ്പെയ്നിന്റെ ഭാഗമായുള്ള ഔദ്യോഗിക സന്ദർശനം എന്നതിലുപരി സ്നേഹവും സഹകരണവും ഊട്ടിയുറപ്പിക്കുന്നതിനുള്ള കൂടിക്കാഴ്ചയായി മാറിയെന്ന് ഒ.എം.എ നൽകിയ ഗംഭീര സ്വീകരണത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ടീം പ്രോമീസ് അഭിപ്രായപ്പെട്ടു.




Promise, Through the Path of Trust
TEAM
PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning

401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products

Short-term and Long-term Disability Insurance
Health Insurance*

### Group Health insurance

Group Whole Life (Without Medicals)
Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning


### Family Protection

Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.


Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

# ഫോമാ ഫാമിലി കൺവൻഷൻ ഏർളി ബേർഡ് രജിസ്ട്രേഷന് വൻ പ്രതികരണം; മാർച്ച് 30-ന് അവസാനിക്കും




**എ.എസ് ശ്രീകുമാർ**

ഹൂസ്റ്റൺ: ഫോമാ ഫാമിലി കൺവൻഷൻ രജിസ്ട്രേഷന് ആവേശകരമായ പങ്കാളിത്തമുണ്ടെന്നും ഏർളി ബേർഡ് രജിസ്ട്രേഷൻ ഈ മാർച്ച് 30-ന് അവസാനിക്കുമെന്നും പ്രസിഡന്റ് ബേബി മണക്കുന്നേൽ അറിയിച്ചു. നൂറ് അംഗസംഘടനകൾ തികച്ച് റിക്കാർഡ് സാധിപിച്ച ഫോമാ അതിന്റെ 9-ാം നാഷണൽ കൺവൻഷനുള്ള വിപുലമായ തയ്യാറെടുപ്പുകളിലാണ്. 2008-ൽ ഫോമാ പിറന്ന അതേ മണ്ണായ ഹൂസ്റ്റണിലാണ് മറ്റൊരു ഫാമിലി കൺവൻഷന് കൂടി തിരശീല ഉയരുന്നത്. ജൂലൈ 30, 31 ആഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തീയതികളിൽ വിഖ്യാതമായ എൻ.ആർ.ജി സ്റ്റേഡത്തിന് തൊട്ട് എതിർവശത്തുള്ള ഈ ആഡംബര ഹോട്ടൽ സമുച്ചയമായ 'വിൻധം

ഹ്യൂസ്റ്റണി'ൽ അരങ്ങേറുന്ന കൺവൻഷൻ അവിസ്മരണീയമാക്കാനുള്ള തീവ്രയജ്ഞത്തിലാണ് സംഘാടകർ.

കൾച്ചറൽ പ്രോഗ്രാം ഉൾപ്പെടെയുള്ള പരിപാടികൾ എല്ലാം പ്രൊഫഷണലായി നടത്തുന്നതിനുള്ള കമ്മിറ്റികളുടെ രൂപീകരണം പൂർത്തിയായിട്ടുണ്ടെന്ന് ബേബി മണക്കുന്നേൽ പറഞ്ഞു. ചെണ്ടമേളത്തിന്റെ അകമ്പടിയിൽ കേരളത്തനിമയാർന്ന ഘോഷയാത്രയോടെയാണ് കൺവൻഷന് തുടക്കം കുറിക്കുക. തുടർന്ന് ഉദ്ഘാടന സമ്മേളനമാണ്. മെഗാ തിരുവാതിര, ഫാഷൻ ഷോ, ആവേശോജ്വലമായ മലയാളി മന്നൻ, മലയാളി മങ്ക മത്സരം, ഏവരും ഉറ്റുനോക്കുന്ന മിസ്റ്റർ ആന്റ് മിസ് ഫോമാ കോമ്പറ്റീഷൻ, പോരിന്റെ പര്യായമായ 56, 28 ചീട്ട് കളി, ശ്രദ്ധേയമായ ബിസിനസ് മീറ്റ്, വിജ്ഞാനം പകരുന്ന വിവധ സെമിനാറുകൾ, വിമൻസ് സമ്മിറ്റ്, യൂത്ത് സമ്മിറ്റ്, അമേരിക്കയിൽ മികവ് തെളിയിച്ച കലാപ്രതിഭകൾ അണിനിരക്കുന്ന അടിപൊളി ഗാനമേള, മനം നിറഞ്ഞ് പൊട്ടിച്ചിരിക്കാൻ ചിരിയരങ്ങ് തുടങ്ങിയവ വിവിധ ദിനങ്ങളിൽ അരങ്ങേറും. ആഗസ്റ്റ് 1-ാം തീയതി ശനിയാഴ്ച രാത്രി ബാങ്ക്വറ്റിന് ശേഷം നടക്കുന്ന സ്റ്റേജ് ഷോയോടെ കൺവൻഷന് തിരശീല വീഴുമെന്ന് ബേബി മണക്കുന്നേൽ വിശദീകരിച്ചു.

മൂന്ന് രാത്രികളിലും നാല് പകലുകളിലുമായി നടക്കുന്ന കൺവൻഷനിൽ മൂവായിരം പേർക്ക് തീയേറ്റർ സ്റ്റൈലിലും രണ്ടായിരം പേർക്ക് ബാങ്ക്വറ്റ് സ്റ്റൈലിലും ഇരിക്കാവുന്ന ഓഡിറ്റോറിയമാണ് ഉള്ളത്. 1200 വാഹനങ്ങൾ പാർക്ക് ചെയ്യാൻ പറ്റുന്ന പാർക്കിങ്ങ് ലോട്ട് നമുക്ക് വേണ്ടി റെഡിയാണ്. 800 മുറികളുള്ള ഹോട്ടലാണ് നേരത്തെ തന്നെ ബുക്ക് ചെയ്തത്. 1000 പേർക്ക് ഒരേ സമയം ഭക്ഷണം കഴിക്കാവുന്ന ഡൈനിങ്ങ് ഏരിയയുമുണ്ട്. വിമൻസ് ഫോറത്തിനും യൂത്തിനും വേണ്ടി പ്രത്യേക ഹാളുകളും ക്രമീകരിക്കും. മീഡിയയ്ക്കും മറ്റും പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തും.

ഫോമായുടെ പ്രസിഡന്റുമാരെന്ന നിലയിൽ സ്തുത്യർഹമായി പ്രവർത്തിച്ച ഒൻപതു പേരും കൺവൻഷന്റെ വൻ വിജയത്തിനായി പ്രവർത്തിച്ച് വരുന്നു. പ്രസിഡന്റ് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡന്റ് ഷാലൂ പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ തുടങ്ങിയവർ ഫാമിലി കൺവൻഷൻ സംബന്ധിച്ച വിവിധ കമ്മിറ്റികളുടെ തയ്യാറെടുപ്പുകൾക്ക് മേൽനോട്ടം വഹിക്കുന്നു. സുബിൻ കുമാരൻ കൺവൻഷൻ ചെയർമാനും ജോയി എൻ സാമുവേൽ ജനറൽ കൺവീനറുമാണ്.

ഏർളി ബേർഡ് രജിസ്ട്രേഷനുള്ള ലിങ്ക്:

https://fomaafamily-convention2026.com/Registration.php

# ചരിത്രവഴികളിലെ സ്മരണ പുതുക്കാൻ ചിക്കാഗോ രൂപത:

# ചിക്കാഗോ രൂപതയുടെ 'പയനീർസ് & സീനിയേഴ്സ്' സംഗമം ജൂബിലി കൺവൻഷനിൽ




മാർട്ടിൻ വിലങ്ങോലിൽ

ചിക്കാഗോ: സീറോ മലബാർ ചിക്കാഗോ രൂപതയുടെ ഇരുപത്തിയഞ്ചാം വാർഷികാഘോഷങ്ങളുടെയും രജത ജൂബിലി കൺവെൻഷന്റെയും ഭാഗമായി, രൂപതയുടെ വളർച്ചയ്ക്ക് അടിത്തറപാകിയ പ്രഥമ പ്രവർത്തകരെയും മുതിർന്ന അംഗങ്ങളെയും ആദരിക്കുന്നതിനായി വിപുലമായ 'മഹാ സംഗമം' സംഘടിപ്പിക്കുന്നു.


ഷിക്കാഗോ സീറോ മലബാർ രൂപതയുടെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് 2026 ജൂലൈ 9, 10, 11, 12 തീയതികളിൽ ഷിക്കാഗോയിലെ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററിൽ വെച്ച് നടക്കുന്ന സീറോ മലബാർ കൺവൻഷനിലാണ് ഈ സംഗമം.

രൂപതയുടെ പ്രാരംഭകാലം മുതൽ സജീവമായി പ്രവർത്തിച്ചവരുടെ അനുഭവങ്ങളും സേവനങ്ങളും പുതുതലമുറയ്ക്ക് പകർന്നുനൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ സവിശേഷ കൂട്ടായ്മ ഒരുങ്ങുന്നത്.

രൂപതയുടെ ചരിത്രവഴികളിലെ സുപ്രധാനമായ ഈ സംഗമത്തിൽ വൈവിധ്യമാർന്ന പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. അനുഗ്രഹ പ്രഭാഷണങ്ങൾ, അനുഭവസമ്പന്നരായ അംഗങ്ങളുടെ ചർച്ചകൾ എന്നിവ ഈ സംഗമത്തിന്റെ പ്രധാന ആകർഷണമായിരിക്കും. നമ്മുടെ ഇടവകകളും സമൂഹങ്ങ

ളും കെട്ടിപ്പടുക്കുന്നതിനും രൂപകൽപ്പന ചെയ്യുന്നതിനും പ്രാരംഭഘട്ടത്തിൽ മുൻനിര പ്രവർത്തകർ നേരിട്ട വെല്ലുവിളികളെയും അവർ നൽകിയ വിലമതിക്കാനാവാത്ത സംഭാവനകളെയുംകുറിച്ച്പ്രതിപാദിക്കുന്ന പ്രത്യേക അഭിമുഖങ്ങളും സിമ്പോസിയങ്ങളും ഈ അവസരത്തിൽ നടക്കും.

സീറോ മലബാർ ചിക്കാഗോ രൂപത വികാരി ജനറാൾ റവ. മോൺ. ജോൺ മേലേപ്പുറം, വികാരി ജനറാളും ചിക്കാഗോ കത്തീഡ്രൽ പള്ളി വികാരിയുമായ റവ. മോൺ. തോമസ് കടുകപ്പള്ളിലും സംഘവുമാണ് ഈ ചർച്ചകൾക്കും സംവാദങ്ങൾക്കും നേതൃത്വം നൽകുന്നത്. ചരിത്രപരമായ പ്രാധാന്യമുള്ള ഈ സംഭാഷണങ്ങളും അഭിമുഖങ്ങളും വീഡിയോ റെക്കോർഡ് ചെയ്ത് പിൽക്കാലത്തേക്കായി പ്രക്ഷേപണം ചെയ്യാനും സംഘാടകർ പദ്ധതിയിട്ടിട്ടുണ്ട്.




ഈ സുവർണ്ണാവസരത്തിൽ പയനീർസ്, സീനിയേഴ്സ് വിഭാഗങ്ങളിൽ നിന്നുള്ള ബഹുമാനപ്പെട്ട വൈദികരും കന്യാസ്ത്രീകളും ഉൾപ്പെടെ പ്രായഭേദമന്യേ എല്ലാവരുടെയും സാന്നിധ്യം സംഘാടകർ അഭ്യർത്ഥിക്കുന്നു.

പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും അതിൽ സജീവമായി പങ്കുചേരുന്നതിനും താല്പര്യമുള്ള രൂപതയിലെ പ്രഥമ പ്രവർത്തകരും മുതിർന്നവരും എത്രയും വേഗം കോർഡിനേറ്റർമാരായ ജോർജ് ജോസഫ് കൊട്ടുകാപ്പള്ളി (8476360936/ kottukappally@comcast.net), തോമസ് പുതുകുളം (8479248079) എന്നിവരുമായി ബന്ധപ്പെടേണ്ടതാണ്.

രജത ജൂബിലി കൺവെൻഷനിൽ പങ്കെടുക്കുന്ന എല്ലാ രജിസ്റ്റർ ചെയ്ത അംഗങ്ങൾക്കും അതിഥികൾക്കും ഈ പരിപാടിയിൽ പ്രവേശനം ഉണ്ടായിരിക്കും.

# ഫൊക്കാന കൺവെൻഷനിൽ മായജാല കാഴ്ചകളുമായി ഗോപിനാഥ് മുതുകാടും സംഘവും




**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക് : നാല് വർഷങ്ങൾക്ക് മുൻപ് അഴിച്ചുവെച്ച ഇന്ദ്രജാലക്കാരന്റെ കുപ്പായം ഗോപിനാഥ് മുതുകാട് ഒരിക്കൽ കൂടി അണിയുന്നു. കാസർകോഡ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പീപ്പിൾ വിത്ത് ഡിസെബിലിറ്റീസ് എന്ന സ്ഥാപനത്തിന്റെ ധനസമാഹരണം മാത്രമാണ് ലക്ഷ്യം. മാജിക്കിൽ ആയിരങ്ങളെ അതിശയിപ്പിച്ച് വിസ്മയലോകം സൃഷ്ടിക്കുന്ന മുതുകാടിന്റെ പ്രകടനം വീണ്ടും പ്രവാസി മലയാളികൾക്കായി ഫൊക്കാന കൺവെൻഷനിൽ അരങ്ങേറുന്നു. അദ്ദേഹത്തിന്റെ ജാലവിദ്യകൾ ഒരിക്കൽ കൂടി അനുഭവിച്ചു അറിയുവാനുള്ള അവസരം.

ജാലവിദ്യാ പ്രകടനത്തിൽ കേരളത്തിന്റെ മുഖം എന്ന് വിളിക്കാവുന്ന മജീഷ്യനാണ് ഗോപിനാഥ് മുതുകാട്.

1985 മുതൽ ഇന്ന് വരെ സാഹസികവും അല്ലാത്തതുമായ നിരവധി മാജിക് പ്രകടനങ്ങളിലൂടെ കേരളത്തിന് അകത്തും

**'ഗോപിനാഥു മാതുകാടിന്റെ വാക്കുകളിൽ' ആരും കാണാതെ കരയുന്ന, ജീവിതം തള്ളിനീക്കുന്ന എത്രയെത്ര മാതാപിതാക്കൾ നമ്മുടെ നാട്ടിൽ ഉണ്ടെന്നറിയുമോ? അവർക്ക് വേണ്ടി പ്രവർത്തിക്കുമ്പോൾ കിട്ടുന്ന സന്തോഷത്തേക്കാൾ വലുത് ഒന്നിനുമില്ല. ഭൂമിയിൽ നന്മതിന്മകൾ സ്വാഭാവികമാണ്. നമ്മളാണു തീരുമാനിക്കുന്നത് ഏതിനൊപ്പം പോകണമെന്ന്.**

പുറത്തമുള്ള ലക്ഷകണക്കിന് ആസ്വാദകരെ അദ്ദേഹം സ്വന്തമാക്കിയിട്ടുണ്ട് എന്നാൽ

മനുഷ്യസ്നേഹം കൊണ്ട് കൂടി മാജിക് കാണിക്കുന്ന വ്യക്തിയാണ് ഗോപിനാഥ് മുതുകാട്. മുതുകാട് തുടങ്ങിവെച്ച ഡിഫറൻറ് ആർട് സെന്റർ ഭിന്നശേഷിക്കാരായ നിരവധി കുട്ടികളുടെ അതിജീവനത്തിനാണ് സഹായമാകുന്നത്. അതിലൂടെ ലഭിക്കുന്ന സന്തോഷം പ്രവചനാതീതമാണെന്ന് അദ്ദേഹം പറയാറുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളെ ചേർത്തു പിടിച്ചുകൊണ്ട്, അവർക്കായി ജീവിതം മാറ്റിവെച്ച് മഹാത്ഭുതം കാണിക്കുന്ന ഗോപിനാഥ് മുതുകാട് മനുഷ്യസ്നേഹത്തിന്റെ പര്യായമായി മാറുന്നു.

ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഡിഫറന്റ് ആർട്ട് സെന്റർ, കാസർകോഡ് ആരംഭിക്കുന്ന ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പീപ്പിൾ വിത്ത് ഡിസെബിലിറ്റീസ് എന്ന പദ്ധതിക്കുള്ള ധനസമാഹരണത്തിന് വേണ്ടിയാണ് ഈ ഇന്ദ്രജാല പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. അമേരിക്കയിൽ ആഗസ്റ്റിൽ നടത്തുന്ന മാജിക് ഷോയുടെ ആദ്യപ്രദർശനമാണ് ഫൊക്കാന കൺവെൻഷന്റെ ആദ്യദിവസം അരങ്ങേറുന്നത്. ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പീപ്പിൾ വിത്ത് ഡിസെബിലിറ്റീസിന് ഫൊക്കാനയും എല്ലാവിധ സഹായസഹകരണങ്ങളും നൽകുവാൻ ആണ് തീരുമാനം. മാജിക് ഷോയുമായി വരുന്ന ഗോപിനാഥ് മുതുകാട് ആൻഡ് ടീമിനെ അമേരിക്കൻ പര്യടനത്തിന് സ്പോൺസർ ചെയ്യുന്നതും ഫൊക്കാനായാണ് എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി പറഞ്ഞു.

56 രാജ്യങ്ങളിലായി എണ്ണായിരത്തോളം മാജിക് ഷോകൾ നടത്തിയിട്ടുള്ള അദ്ദേഹം മാജിക് ജീവനും ജീവിതവുമായി ബന്ധപ്പെട്ട പലതരം കാഴ്ചകൾ കണ്ടയാളാണ്. മാജിക്കിൽ വളരെ സന്തോഷം കണ്ടിരുന്ന അദ്ദേഹം ഇനിയുള്ള ജീവിതം ജീവിക്കേണ്ടതു ഭിന്നശേഷി കുട്ടികൾക്കു വേണ്ടിയാണെന്ന തിരിച്ചറിവാണ് മാജിക്കിൽ നിന്നും മാറി നിൽക്കാനും ഭിന്നശേഷിക്കാരായ കുട്ടികളെ ചേർത്തു പിടിച്ചുകൊണ്ട്, അവർക്കായി ജീവിതം തന്നെ മാറ്റിവെച്ചു മുന്നോട്ട് പോകുവാനും തിരുമാനിച്ചത്. തന്റെ ജീവിതം തന്നെ ഒരു മഹാത്ഭുതം എന്ന് കാണിച്ചുകൊണ്ടിരിക്കുന്ന ഗോപിനാഥ് മുതുകാട് എന്ന മനുഷ്യസ്നേഹി ഏറ്റവും നല്ല മോട്ടിവേഷണൽ സ്പീക്കറും, റ്റിവി അവതാരകനും കുടിയാണ്. പ്രൊഫഷണൽ മാജിക് അവസാനിപ്പിച്ച്, തന്റെ കുട്ടികൾക്കൊപ്പം നാലു വർഷം പിന്നിടുമ്പോൾമുതുകാടിന്ഒരുപാട് അനുഭവങ്ങൾ പറയാനുണ്ട് അതോടൊപ്പം തങ്ങളുടെ ജീവിതം തന്നെ മാറ്റിമറിച്ച നിരവധി ഭിന്നശേഷി കുട്ടികൾക്കു അതിജീവിതത്തിന്റെ കഥകൾ നമ്മെ കണ്ണീരണിയിക്കും.

'ഗോപിനാഥു മാതുകാടിന്റെ വാക്കുകളിൽ' ആരും കാണാതെ കരയുന്ന, ജീവിതം തള്ളിനീക്കുന്ന എത്രയെത്ര മാതാപിതാക്കൾ നമ്മുടെ നാട്ടിൽ ഉണ്ടെന്നറിയുമോ? അവർക്ക് വേണ്ടി പ്രവർത്തിക്കുമ്പോൾ കിട്ടുന്ന സന്തോഷത്തേക്കാൾ വലുത് ഒന്നിനുമില്ല. ഭൂമിയിൽ നന്മതിന്മകൾ സ്വാഭാവികമാണ്. നമ്മളാണു തീരുമാനിക്കുന്നത് ഏതിനൊപ്പം പോകണമെന്ന്. എത്രമാത്രം നന്മയോടെ നമുക്ക് ജീവിക്കാൻ സാധിക്കുമോ, അത്രമാത്രം സുന്ദരമായിട്ടു മരിക്കുകയും ചെയ്യാം.


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# ഫോമ: ടീം പ്രോമിസിന് ഡാളസിൽ വൻ വരവേൽപ്പ്



ഡാളസ്, ടെക്സസ്: ഈ വരുന്ന ഫോമാ ഇലെക്ഷനിൽ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്ന മാത്യു വർഗീസിനും ടീം അംഗങ്ങളായ അനു സ്കറിയ (സെക്രട്ടറി), ബിനോയ് തോമസ് (ട്രെഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡെന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി) എന്നിവർക്കും ഡാളസ് മലയാളികൾ ഊഷ്മളമായ സ്വീകരണമാണ് നൽകിയത്.

വിശ്വാസ്യത, സത്യസന്ധത, ഉത്തരവാദിത്വം, സുതാര്യത എന്നീവ മുൻനിർത്തി പ്രവർത്തിച്ചു ഫോമയെ ഉന്നത ശ്രേണികളിൽ എത്തിക്കും എന്ന ദൃഢ പ്രതിജ്ഞയുമായി പ്രവർത്തിക്കുന്ന ടീം പ്രോമിസിന് ഡാളസ് മലയാളികളുടെ മുഴുവൻ പിന്തുണയും വാഗ്ദാനം ചയ്തു. പ്രത്യേകിച്ചും ഡാളസിലെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ നിറ സാന്നിധ്യമായ ജോയിന്റ് സെക്രട്ടറി സ്ഥാനാർഥി രേഷ്മ രഞ്ജൻ ടീം പ്രോമിസിൻറെ ഭാഗമാകുക കൂടിയായപ്പോൾ അത് പൂർവ്വാധികം ശക്തമായി.

ഫോമാ റീജിയണൽ വൈസ് പ്രസിഡണ്ട് ബിജു ലോസൻ, ഡാളസ് മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജൂഡി ജോസ്, ട്രെഷറർ സൈജു അത്തിക്കളം, ബോർഡ് ചെയർമാൻ ഡെക്സ്റ്റർ, കമ്മറ്റി അംഗങ്ങളായ ജ്യോതി അമൃത, ബിനു കാലുംകൽ, നോർത്ത് ടെക്സാസ് മലയാളി അസോസിയേഷൻ പ്രസിഡണ്ട് ഷാജി ആലപ്പാട്ട്, സെക്രട്ടറി ലിൻഡ സുനി, ട്രെഷറർ വിനോദ് കൊണ്ടൂർ, ജോയിന്റ് സെക്രട്ടറി ഷെല്ലി തോമസ്, ജോയിന്റ് ട്രെഷറർ മധു ജോസഫ്, കൾച്ചറൽ-ആർട് സെക്രട്ടറി അബിൻ റോയ്, കമ്മിറ്റി മെമ്പർ അബീഷ് ആൻഡ്രൂസ് എന്നിവർ സ്വീകരണയോഗത്തിൽ ആശംസകളർപ്പിച്ചു.

# പൊരിഞ്ഞ രാഷ്ട്രീയ ഇലെക്ഷൻ പോരാട്ടത്തിനൊടുവിൽ
# കേരളം ആരു പിടിക്കും?



**എ.സി.ജോർജ്**

കേരള നാടും തൊടിയും പ്രകൃതിയും സൂര്യതാപത്താൽ ചുട്ടുപൊള്ളുമ്പോൾ കേരള രാഷ്ട്രീയ തെരഞ്ഞെടുപ്പ് ഗോദയിൽ പതിവുപോലെ മുഖ്യമായി മൂന്ന് രാഷ്ട്രീയ മുന്നണികൾ അരയും തലയും മുറുക്കി കൊമ്പുകോർക്കുകയാണ്. ഉഗ്രതാപത്താൽ പൊടിപടലങ്ങൾ പാറുന്ന അന്തരീക്ഷത്തിൽ മൂന്നു മുന്നണികളുടെയും കൊടികൾ കൈകളിലേന്തി, തൊണ്ട തൊരപ്പൻ മുദ്രാവാക്യങ്ങളുമായി, ചില രാഷ്ട്രീയ പാരഡി ഗാനങ്ങളുമായി കേരള തെരുവോരങ്ങളിൽ ഉറഞ്ഞു തുള്ളുകയാണ് രാഷ്ട്രീയ മുന്നണി പിന്നണി പോരാളികൾ. ഗൾഫ് യുദ്ധം കാരണം പാചക വാതകത്തിനു തീപിടിച്ച വില ആയതിനാൽ പൊറോട്ടയും ചിക്കനും ലഭ്യമല്ലാത്തതിനാൽ കൂലിക്ക് എടുത്ത മുദ്രാവാക്യവിളിതൊഴിലാളികൾക്ക് വിറകിൽ അടുപ്പു കത്തിച്ചെടുത്തു പാകം ചെയ്ത ചോറും സാമ്പാറും വിളമ്പേണ്ടിവന്ന ഗതികേട് എവിടെയും കാണാം. അതുപോലെതന്നെ പൊരിഞ്ഞ യുദ്ധമൂലം ഗൾഫ് മേഖലയിലെ വിമാന സർവീസുകൾ താറുമാറായതിനാൽ ഗൾഫ് യൂറോപ്പ് അമേരിക്ക തുടങ്ങിയ രാജ്യമേഖലകളിൽ നിന്ന് ഇലക്ഷൻ പ്രചാരണത്തിനും, വോട്ടിങ്ങിനും എത്തേണ്ട വിദേശ മലയാളികളുടെ എണ്ണവും ഇപ്രാവശ്യം വളരെ കുറഞ്ഞു കാണുന്നുണ്ട്.

വിവിധ കേരള മാധ്യമങ്ങളിൽ നിന്ന്, സോഷ്യൽ മീഡിയയിൽ നിന്ന്, വ്യക്തിഗതമായ മാർഗങ്ങളിലൂടെ ലഭ്യമായ വിവരങ്ങളുടെ വെളിച്ചത്തിൽ ഇപ്രാവശ്യത്തെ കേരള അസംബ്ലി തെരഞ്ഞെടുപ്പിനെ പറ്റി ഒരു വിഹഗവീക്ഷണം നടത്തുകയാണ് ഇവിടെ. എല്ലാം പൂർണമായി ശരിയായിരിക്കണം എന്ന് നിർബന്ധമില്ല. ബൗദ്ധികപരമായ ഒരു നിരീക്ഷണം മാത്രം. കുറച്ചൊക്കെ സ്വതന്ത്ര ചിന്തയുള്ള മറുനാടൻ മലയാളി ഷാജൻ സ്കറിയാ രണ്ടാഴ്ച മുമ്പ് അമേരിക്കയിലെ, ഹൂസ്റ്റൻ, ഡാളസ്, ശിക്കാഗോ, ലോസ് ആഞ്ചലസ്, സിറ്റികളിൽ ചുറ്റി





ക്കറങ്ങി പത്രസമ്മേളനങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തിയിരുന്നു. അമേരിക്കയിലെ ഏറ്റവും വലിയ സിറ്റി ആയ ന്യൂയോർക്കിൽ എന്തു കൊണ്ടോ അദ്ദേഹം പോയില്ല. ഇന്ത്യയിലെ ചില ഭരണാധികാരികളോട് മാത്രമായി ചോദിക്കേണ്ടിയിരുന്ന ചില ചോദ്യങ്ങൾ വെറുമൊരു മാധ്യമപ്രവർത്തകനായ അദ്ദേഹത്തോട് ഇവിടെ ചിലർ ചോദിക്കുന്നത് കണ്ടു. ഇപ്പോൾ കേരളം ഭരിക്കുന്ന ഇടതുപക്ഷ ഗവൺമെൻറ്, ഷാജൻ സ്കറിയയെ കിടപ്പുമുറിയിൽ കയറി അദ്ദേഹത്തെ ഒരു ഷർട്ട് പോലും ഇടാൻ സമ്മതിക്കാതെ അർദ്ധ നഗ്നനായി പിടിച്ചുകൊണ്ടുപോകുന്ന ദൃശ്യം കേരളക്കര കണ്ടതാണ്. അപ്പോൾ ഓടിച്ചെന്ന് അദ്ദേഹത്തെ രക്ഷിച്ചത് ബിജെപിയിലെ സുന്ദരിയും തീപാറുന്ന പ്രാസംഗികയുമായ ശ്രീമതി ശോഭാ സുരേന്ദ്രൻ ആയിരുന്നു എന്ന് പറയപ്പെടുന്നു. അതിനാൽ ആകാം മറുനാടൻ ഷാജന് സ്വതന്ത്ര വീക്ഷണത്തിൽ ബിജെപിക്കു അനുകൂലമായി അല്പം വെള്ളം ചേർക്കേണ്ടി വന്നത്.

ഇപ്പോൾ കേരളം ഭരിക്കുന്ന കക്ഷി ഖജനാവിൽ പണം ഇല്ലെന്നു പറയുമ്പോഴും സ്വന്തം സുഖസൗകര്യങ്ങൾക്കും തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്കും മറ്റും മറ്റും ആയി നികുതി ദായകരുടെ പണം യഥേഷ്ടം ധൂർത്തടിക്കുകയാണ്. അവരുടെ ഭരണത്തിന്റെ അവസാന നാളുകളിൽ പാവപ്പെട്ടവർക്കായി പണവും പെൻഷനും ഉൾപ്പെടെ മോഹന സുന്ദര വാഗ്ദാനങ്ങൾ തെരുവിൽ ചൊരിയുകയാണ്. മുൻനിര മാധ്യമങ്ങളെ പരസ്യങ്ങൾ കൊണ്ടും അഭിമുഖങ്ങൾ കൊണ്ടും വിലയ്ക്കെടുത്തിരിക്കുകയാണ്. കേന്ദ്രത്തിലും കേരളത്തിലും ഭരണമില്ലാത്ത യുഡിഎഫ് – ഡഉഎ അഭിപ്രായ സർവേകളിൽ മുൻനിരയിൽ ആണെങ്കിൽ തന്നെയും കേന്ദ്രത്തിൽ ഭരണമുള്ള ബിജെപി – ചഉഅ മുന്നണിയോടും, കേരളഭരണം കയ്യാളുന്ന ഘഉഎ എൽഡിഎഫിനോടും പോരാടുകയാണു. അതോടൊപ്പം അവർക്ക് മറ്റു മുന്നണികളേക്കാൾ സാമ്പത്തിക ഫണ്ടും കുറവാണ്. എങ്ങും അധികാരവും ഭരണവും ഇല്ലാത്തവർക്ക് ഫണ്ട്, വരുമാനം കുറവായിരിക്കുമല്ലൊ. കൂടാതെ യുഡിഎഫിനെ നയിക്കുന്ന കോൺഗ്രസിൽ കൂടുതൽ ജനാധിപത്യവും അഭിപ്രായസ്വാതന്ത്ര്യവും ഉണ്ടല്ലോ. പലപ്പോഴും അവിടെയുള്ളത് കൂട്ടായ നേതൃത്വം ആണ്. അത് ഗുണവും ദോഷവും ചെയ്യുന്നുണ്ട്. അവിടെ എല്ലാവർക്കും പദവികൾ വേണം സ്ഥാനാർത്ഥി ആകണം. അതുപോലെ മുഖ്യമന്ത്രി പദമോഹികളും ധാരാളമുണ്ട്. അതുകൊണ്ട് പാളയത്തിൽ തന്നെ പട പലപ്പോഴും നടക്കാറുമുണ്ട്. അതിനാൽ ആണ് പലപ്പോഴും യുഡിഎഫിനെ തോൽപ്പിക്കുന്നതു യുഡിഫ് തന്നെ എന്ന് പറയാറ്.

യുഡിഫിലും അവരുടെ ഘടകകക്ഷികളിലും എത്രയെത്ര സ്ഥാനമോഹികളാണു ഉടുപ്പിട്ട് വന്നത്. അതുപോലെ അർഹതപ്പെട്ട പലരെയും തഴഞ്ഞ് അനർഹർക്ക് സീറ്റ് നൽകിയിട്ടുണ്ട് എന്ന വസ്തുതയും ഇവിടെ മറച്ചു വെക്കുന്നില്ല. നീതിയുടെയും യുക്തിയുടെയും വെളിച്ചത്തിൽ നോക്കിയാൽ രാഹുൽ മാങ്കൂട്ടത്തിനെ കോൺഗ്രസ് പുകച്ചു പുറത്തു ചാടിച്ചതും സീറ്റ് നൽകാത്തതും വലിയ വീഴ്ച തന്നെയാണ്. ഉത്തരം വീഴ്ചകൾ വേറെയും ഉണ്ട് എല്ലാം വിശദീകരിക്കുകയല്ല ഈ ലേഖനത്തിന്റെ ലക്ഷ്യം. എംപിമാർ ആരും അസംബ്ലിയിലേക്ക് മത്സരിക്കേണ്ടതില്ല എന്ന തീരുമാനം കോൺഗ്രസ് പാർട്ടി എടുത്തപ്പോൾ അതിനെതിരെ ഉറഞ്ഞുതുള്ളി താൻ മത്സരിക്കും എന്ന പിടിവാശിയെടുത്ത പാർട്ടിയുടെ കൊല കൊമ്പനെ അവസാനം തളക്കാൻ പറ്റിയതും പാർട്ടി ഹൈക്കമാണ്ടിനു ഒരു നേട്ടമായി കരുതാം. സാന്ദർഭികമായി ഇവിടെ ഒരു കാര്യം എടുത്തു പറയട്ടെ. അതായത് കേരളത്തിൽ നിന്ന് പോകുന്ന എംപിമാർ പാർട്ടി ഭേദമെന്യേ അധികം പേരുടെ പാർലമെൻറ് പ്രകടനങ്ങളും വളരെ താഴേക്കിടയിൽ ആണെന്ന് പറയേണ്ടിയിരിക്കുന്നു. ഡൽഹിയിലെ നോർത്ത് ഇന്ത്യയിലെ ഹിന്ദി വാലകളെയും ഗോസാമികളെയും കാണുമ്പോൾ, നമ്മുടെ മലയാള എംപിമാർ കവാത്തു തന്നെ മറക്കുന്നു. അവരിൽ പലർക്കും ഇംഗ്ലീഷിലോ ഹിന്ദിയിലൊ സംസാരിക്കാനുള്ള കഴിവ് കുറവാണെന്ന് പാർലമെൻറിലെ പ്രകടനങ്ങൾ കണ്ടാലും കേട്ടാലും അറിയാം. കേരളത്തിൽ വന്നു മലയാളത്തിൽ ഗർജ്ജിക്കുന്ന മുൻ സൂചിപ്പിച്ച കെ.സുധാകരൻ, അതുപോലെ മന്ത്രിയാണെങ്കിലും സുരേഷ് ഗോപി ഒക്കെ ആ വകുപ്പിൽ പെടും എന്നു അവരുടെ പാർലമെൻറ് പ്രകടനങ്ങളുടെ വീഡിയോ കണ്ടാൽ അറിയാം.

ഇവിടെ അസംബ്ലി തെരഞ്ഞെടുപ്പിലേക്ക് തന്നെ വരാം. പ്രതിപക്ഷ കക്ഷികളുടെ അനൈക്യ കാരണം ഇടതു പക്ഷത്തിന് എന്ത് അനീതിയും ദുർഭരണവും നടത്താം എന്ന ഒരു നില വന്നു. പ്രത്യേകിച്ച് മുഖ്യമന്ത്രിയുടെ അധികാര കേന്ദ്രീകരണം, മറ്റു മന്ത്രിമാർ ആ അധികാരത്തിനു ചുറ്റും സ്തുതി പാടകരായി ഓച്ഛാനിച്ചു നിൽക്കുന്ന ഒരു അവസ്ഥ വന്നു. അദ്ദേഹത്തിൻറെ ആഡംബര ബസ്സിലുള്ള എഴുന്നള്ളത്തും, ദൂർത്തും, അതിനെതിരെ സമാധാനപരമായി പ്രക്ഷോപണം നടത്തിയവരെ തല്ലി ചതച്ചതും, അവർക്കെതിരെ കേസെടുത്തതും, മുഖ്യമന്ത്രിക്കെതിരെ വിമാനത്തിൽ ചെറിയ മുദ്രാവാക്യം മുഴക്കിയവരെ പാർട്ടി പ്രമാണിയായ ഈ പി ജയരാജൻ തൊഴിച്ച് തള്ളിയതും, പോരാഞ്ഞിട്ട് തൊഴി കൊണ്ടവർക്ക് എതിരെ കേസ് എടുത്തത് ഒക്കെ ജനം ഇപ്പോഴും ഓർക്കുന്നുണ്ട്. കഴിഞ്ഞ മാസമല്ലേ കേരളത്തിൻറെ ആരോഗ്യ മന്ത്രി വീണ ജോർജ് സിനിമാനടൻ നടികർ തിലകം ശിവാജി ഗണേശനെ

തന്നെ തോൽപ്പിക്കുമാറ് ' കഴുത്തുളുക്കി' തിര നാടകം അഭിനയിച്ചു മാന്യമായി തെരുവിൽ പ്രതിഷേധിച്ച യൂത്തു കോൺഗ്രസുകാരെ കേസെടുപ്പിച്ച് അകത്താക്കിയത്. ഇങ്ങനെ അറിഞ്ഞതും അറിയാത്തതുമായ എത്രയെത്ര അന്യായ സംഭവങ്ങൾ പിണറായി ഭരണത്തിൽ നടന്നിരിക്കുന്നു. ഇതെല്ലാം പ്രതിപക്ഷ കക്ഷികൾക്ക് അനുകൂലമായ ഒരു വോട്ടായി മാറ്റാൻ സാധിച്ചില്ലെങ്കിൽ അത് അവരുടെ ദൗർബല്യമായിട്ട് തന്നെ കരുതണം.


അതായത് മറ്റ് രണ്ടു മുന്നണികളേക്കാൾ അച്ചടക്കം കുറഞ്ഞവരും അധികാര കസേരയ്ക്ക് വേണ്ടി കടിപിടി കൂടുന്നവരുമായ യുഡിഎഫിന് തമ്മിൽ ഭേദം തൊമ്മൻ എന്നുമാത്രം കണക്കാക്കി വോട്ടർമാർ അധികാരം വെള്ളി തളികയിൽ തന്നാൽ പോലും അത് വീഴാതെ പൊട്ടാതെ ഉടയാതെ യുഡിഎഫിന് കൊണ്ടു നടക്കാൻ പറ്റുമോ എന്നതും ഒരു വിഷയമാണ്. കഴിഞ്ഞ തദ്ദേശ തെരഞ്ഞെടുപ്പുകളിൽ യുഡിഎഫ് തൂത്തു വാരി വിജയം കൈവരിച്ചെങ്കിലും ഇക്കുറി അസംബ്ലി തിരഞ്ഞെടുപ്പായതിനാൽ ബിജെപി സർക്കാർ നിയന്ത്രണത്തിലുള്ള ഇലക്ഷൻ കമ്മീഷൻ വോട്ടിംഗ് മെഷിനറികളിൽ തിരിമറി നടത്തുമോ എന്നുള്ള സന്ദേഹം യുഡിഎഫ് കക്ഷികൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഇന്ന് പൊതുജനം കഴുതയാണെന്നും പറയാറുണ്ടല്ലോ?. ഒരൊറ്റ ഓണ കിറ്റിനു വോട്ട് കൊടുത്ത ഇത്തരം പൊതുജന കഴുതകൾ അവസാന മിനിറ്റിൽ പെട്ടെന്നുള്ള മത വർഗീയ വിഷത്തിലോ,വിഷു ഈസ്റ്റർ കൽക്കണ്ട കനിയിലോ വീണു വോട്ട് അടയാളം മാറി കുത്താനും സാധ്യതയുണ്ടല്ലോ. എന്നാൽ എൽഡിഎഫ്കാർ, ഏത് അനീതിയെയും ന്യായീകരിച്ചുകൊണ്ട് അവരുടെ കപ്പിത്താനെ തലയിൽ ചുമ്മി കൊണ്ടുവന്ന് ലോക തലസ്ഥാനമായ ന്യൂയോർക്കിലെ ടൈം സ്ക്വയറിലെ ഇരുമ്പ് കസേരയിൽ ഇരുത്തി വാഴിക്കാനും തയ്യാറായത് നമ്മൾ കണ്ടതാണ്. അതിനൊക്കെയായി പ്രവാസികൾക്ക് ചണക എം.പി മാരെയും സൃഷ്ടിച്ചത് ഓർമയില്ലേ? അതിനൊക്കെ കുടപിടിക്കാൻ അമേരിക്കയിലെ ചില മെഗാ സംഘടനക്കാരായ ഫോമാക്കാരും, ഫോകാനക്കാരും, വേൾഡ് മലയാളിക്കാരും മറ്റുമുണ്ടായിരുന്നു എന്നുള്ളത് മറ്റൊരു വസ്തുത. മറ്റൊരു പരമാർത്ഥം എന്തെന്നാൽ അമേരിക്കയെ സ്ഥിരം കുറ്റം പറഞ്ഞു കൊണ്ടിരിക്കുന്ന ഈ പാർട്ടിയിലെ പ്രമുഖർ പലരും ചികിത്സയ്ക്കായി അമേരിക്കയിൽ തന്നെയാണ് വരാറുള്ളത്. ഇത്രയും എഴുതിയ സ്ഥിതിക്ക് മറ്റൊരു സത്യം കൂടെ ഇവിടെ വിശദീകരിക്കാൻ ആഗ്രഹിക്കുകയാണ്. നാട്ടിൽ നിന്ന് അമേരിക്കയിൽ കുടിയേറിയ ചില മലയാളികൾക്കും, ഇന്ത്യക്കാർക്കും, നാട്ടിലെ പാർട്ടികളുടെ പേരിൽ ഇവിടെ ഓവർസീസ് സംഘടനകൾ ഉണ്ട്. മിക്കവാറും നാട്ടിൽ നിന്ന് എത്തുന്ന അവരുടെ പാർട്ടി നേതാക്കളെ ചുമ്മി കൊണ്ട് നടക്കുന്നതാണ് അവരുടെ പ്രധാന രാഷ്ട്രീയ തൊഴിൽ.

മറ്റ് രണ്ടു മുന്നണികളേക്കാൾ അച്ചടക്കം കുറഞ്ഞവരും അധികാര കസേരയ്ക്ക് വേണ്ടി കടിപിടി കൂടുന്നവരുമായ യുഡിഎഫിന് തമ്മിൽ ഭേദം തൊമ്മൻ എന്നുമാത്രം കണക്കാക്കി വോട്ടർമാർ അധികാരം വെള്ളി തളികയിൽ തന്നാൽ പോലും അത് വീഴാതെ പൊട്ടാതെ ഉടയാതെ യുഡിഎഫിന് കൊണ്ടു നടക്കാൻ പറ്റുമോ എന്നതും ഒരു വിഷയമാണ്.

ആ ഓവർസിസ് പാർട്ടി ഘടക ഇടയിലും അധികാര വടംവലിയും കുത്തിത്തിരുപ്പുമുണ്ട്. വീട്ടിൽ, നാട്ടിൽ നിന്ന് പഠിച്ചത്, അല്ലെങ്കിൽ നാട്ടിലെ പാരമ്പര്യം അല്ലേ ഇവിടെ പാടൂ. ഇവിടെയും വളരുകയും പിളരുകയും ചെയ്യും. അതുപോലെ ചിലരെല്ലാം അമേരിക്കൻ രാഷ്ട്രീയത്തിലും കയറി പറ്റുന്നുണ്ട്. നല്ല കാര്യം. പക്ഷെ നാട്ടിലെ രാഷ്ട്രീയ പാരമ്പര്യം ഇവിടെ കളിക്കരുത്. കൂടുതൽ കളിച്ചാൽ വോട്ട് കുറയും അകത്താകും. അതുപോലെ ഇവിടെ അമേരിക്കൻ രാഷ്ട്രീയത്തിൽ വിജയിച്ച അധികാര പദവികൾ എത്തുന്നവർ സ്ഥിരമായി കേരള രാഷ്ട്രീയ എംഎൽഎമാരും എംപിമാരും ചെയ്യുന്ന മാതിരി, അവരുടെ പാത പിന്തുടർന്ന് ഇവിടത്തെ എല്ലാ മലയാളി, പള്ളി ആരാധന, സമാജം പ്രവർത്തന മീറ്റിങ്ങുകളിൽ മാത്രം പോയി കുത്തിയിരുന്ന് വിഷയം അറിയാതെ, ഉദ്ഘാടകരും, മുഖ്യപ്രഭാഷകരും ആയി പ്രേക്ഷകരെ ബോറടിപ്പിക്കുന്നവരായി മാറാതിരിക്കുന്നത് അഭികാമ്യം. അവരെ തെരഞ്ഞെടുത്ത് വിട്ടിരിക്കുന്നസകലമാനപൊതുജനത്തിനും വേണ്ടിയാണ് അവരുടെ ആ സമയം വിനിയോഗിക്കേണ്ടത്. അമേരിക്കൻ മലയാളി ഇലക്റ്റഡ് വ്യക്തികളെയും അല്ലാതെ മലയാളികൾക്കും മലയാളി സദസ്സുകൾക്കും വേണ്ടി മാത്രമുള്ളതല്ല. അതുപോലെ അവരെയൊക്കെ മാത്രം പൊക്കിക്കൊണ്ട് വരുന്ന സംഘാടകരും അത് മനസ്സിലാക്കണം. കേരള ഇലക്ഷനെ പറ്റി എഴുതുമ്പോൾ, അത് ഒരു അമേരിക്കൻ മലയാളിയെയും, ഒരു പ്രവാസിയെയും എപ്രകാരം സ്വാധീനിക്കും, അതുപോലെ മലയാളിയുടെ അമേരിക്കൻ രാഷ്ട്രീയം ഇതുമായി എങ്ങനെ ബന്ധപ്പെടുത്താം, അമേരിക്കൻ മലയാളി ഇലക്റ്റഡ് വ്യക്തികളെയും എങ്ങനെ ബന്ധപ്പെടുത്താം, താരതമ്യം ചെയ്യാം എന്നതിനെപ്പറ്റി ഒക്കയുള്ള ഏതാനും ചില ഹൃസ്വ ശിഥില ചിന്തകൾ കൂടി മാത്രമാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്.




#1'OTT' Platform
Download FREE
Scan QR Code to Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123



# വായനയുടെ എളുപ്പവഴികൾ




**ലേഖനം**

**ജോൺ വേറ്റം**


അറിവ് ലഭിക്കുന്നതിനും ലോകപരിചയം വർദ്ധിപ്പിക്കുന്നതിനും കാലങ്ങളായി ഉപയോഗിക്കുന്ന ഒരു നല്ല ശീലമാണ് വായന. ഇത് മനുഷ്യജീവിതത്തെ നവീകരിക്കുന്ന ഒരു വിഷയമായതിനാൽ വായനയുടെ മൂല്യം എന്തെന്ന് മനസ്സിലാക്കേണ്ടതാണ്.

നഗരവാസികളും ഗ്രാമീണരും വനഗോത്രവർഗ്ഗക്കാരും ഉൾപ്പെട്ട മനുഷ്യരുടെ വലിയ സമൂഹത്തിൽ എഴുതാനും വായിക്കാനും കഴിയാത്തവരുണ്ട്. മികവുറ്റ എഴുത്തിൻറെ ആവശ്യവും ഉദ്ദേശ്യവും ഉപയോഗവും എന്തെന്ന് അറിയാത്തവരും കുറച്ചല്ല. ലോകവ്യാപകമായ ഇന്നത്തെ വായനയുടെ തുടക്കം സംബന്ധിച്ചുണ്ടായ അഭിപ്രായങ്ങളും ചരിത്രവും തുല്യമല്ല.

പുരാതനകാലത്ത് ഓലയിൽ എഴുതുന്ന രീതിയിൽ നിന്ന് ആരംഭിച്ച്, പതിനഞ്ചാം നൂറ്റാണ്ടിൽ അച്ചടിയുടെ വരവോടെ, മലയാള നാട്ടിൽ വായന പടർന്നു. എഴുത്ത്വിദ്യയോടൊപ്പം വായനയും വന്നുവെങ്കിലും, അച്ചടിയും പ്രസിദ്ധീകരണങ്ങളും വർദ്ധിച്ചതോടെയാണ് അത് പുരോഗമിച്ചത്. വിദ്യാഭ്യാസത്തിൻറെ വികസനവും വായനയെ ഏറെ പിന്തുച്ചു.

പത്തൊൻപതാം നൂറ്റാണ്ടിൽ, എല്ലാവർക്കും സൗജന്യ വിദ്യാഭ്യാസം നൽകുന്നതിന്, തിരുവിതാംകൂർ രാജ്ഞിയായിരുന്ന ലക്ഷ്മിഭായിയുടെ വിജ്ഞാപനം ഉണ്ടായി. അതേ ഘട്ടത്തിൽ ത്തന്നെ, ക്രിസ്തു മതവിഭാഗമായ സി. എം. എസ്സ്. സഭ പുസ്തകങ്ങളുടെ അച്ചടി ആരംഭിച്ചതും, അതിനെ തുടർന്നുണ്ടായ സാക്ഷരതയുടെ അഭിവൃദ്ധിയും, സാമൂഹിക വിടർച്ചയും, മലയാളം വായന പടർന്നുപിടിക്കുന്നതിനു കാരണങ്ങളായി. 1946-ൽ, അഞ്ച് വയസ്സ് മുതൽ പതിനാല് വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകുന്നതിനും പ്രത്യേക നിയമം ഉണ്ടായി. പിന്നീട് വന്ന മിഷനറിമാരുടെ വിദ്യാഭ്യാസപരമായ പ്രവർത്തനങ്ങളും, മലയാളം ഭാഷക്കും വായനക്കും ഗണനീയമായ നേട്ടങ്ങൾ നൽകി.


ജനസംഖ്യയുടെ വളർച്ചയും, ഭാഷയുടെ നവീകരണവും, വിവിധ മാധ്യമങ്ങ ളുടെ പ്രവർത്തനങ്ങളും, സാഹിത്യ പ്രവർത്തക സംഘടനകളും, മലയാളികളുടെ സാംസ്കാരിക പൈതൃകവും, കേരളത്തിലും വിദേശങ്ങളി ലുമുള്ള മലയാളം വായനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചു. എന്നിട്ടും, കേരളത്തിൽ മലയാളം ഭാഷയെ ശക്തിപ്പെടുത്തുന്നതിനെതിരെ പ്രതിഷേധം ഉയർന്നുവന്നു. അവ, ന്യൂനപക്ഷങ്ങളുടെ നിയമം അനുസരിച്ചുള്ള എല്ലാ അവകാശങ്ങളെയും സംരക്ഷിക്കുന്ന വ്യവസ്ഥകൾ ആംഗീകരിക്കപ്പെട്ടതോടെ, അവസാനിക്കുകയും ചെയ്തു. മലയാളം ഇന്ത്യയിലെ 22 പൌരാണിക ഭാഷകളിലൊന്നും, കേരളത്തിലെ ഔദ്യോഗിക

ഭാഷയുമാണ്. കേരളത്തിനു പുറമേ, ലക്ഷദ്വീപ്, പുതുച്ചേരി എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാണ്.

മലയാളം സാഹിത്യത്തിനും അഭിമാനഭരിതമായൊരു ചരിത്രവുമുണ്ട്. ജ്ഞാനപീഠം പുരസ്കാരം നേടിയവരിൽ ആറ് സാഹിത്യകാരന്മാർ മലയാളികളാണ്. മലയാള സാഹിത്യത്തിലെ മികച്ച കൃതികൾക്ക് നൽകുന്ന മറ്റൊരു മഹത്തായ പുരസ്കാരമാണ്, സാഹിത്യ അക്കാഡമി പുരസ്കാരം. സാഹിത്യകാരന്മാരുടെ ഓർമ്മക്കുവേണ്ടിയും പുരസ്കാരങ്ങൾ നൽകുന്നുണ്ട്.

വിദേശത്ത് മലയാളം സംസാരിക്കുന്നവരുടെ എണ്ണം കൂടുതലായുള്ളത് ഒമാൻ, കുവൈറ്റ്, ഖത്തർ, സൗദിഅറേബ്യ തുടങ്ങിയ മിഡിൽ ഈസ്റ്റേൺ രാജ്യങ്ങളിലാണ്. അമേരിക്കയിലുള്ള മലയാളികളിൽ ഭൂരിഭാഗവും കേരളത്തിൽ നിന്നും കുടിയേറിയവരാണ്. അവർ അമേരിക്കൻ സ്റ്റേറ്റുകളിൽ ചിതറിപ്പാർക്കുന്നു. ട്രൈസ്റ്റേറ്റ് ( ന്യൂയോർക്ക്, ന്യൂജേഴ്സി, കണറ്റിക്കട്ട്), ടെക്സസ്, ഇല്ലിനോയി, കാലിഫോർണിയ, പെൻസിൽവാനിയ എന്നിവിടങ്ങളിലാണ് മലയാളികൾ കൂടുതലായി അധിവസിക്കുന്നത്.

കേരളത്തിലെ ഭാഷാസംസ്കാരം വളരെ വൈവിധ്യം ഉള്ളതാണ്. മലയാളം പ്രധാനമായി ഏക ഭാഷയാണെങ്കിലും, അതിൻറെ ഉപയോഗത്തിലും ശൈലികളുടെ അടിസ്ഥാനത്തിലും വകഭേദങ്ങളുണ്ട്. വടക്ക് കാസർകോട്മുതൽതെക്ക്തിരുവനന്തപുരം വരേയും, ലക്ഷദ്വീപിലുമുള്ള ഭാഷാ ശൈലി കൾക്കും, സാമുദായിക ഭാഷാശൈലികൾക്കും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്. ജനപിന്തുണ, സ്ഥലവ്യത്യാസം




എന്നിവ പരിഗണിച്ച് ഈ ശൈലികളെ വേർതിരിച്ച് പേരിട്ടുവിളിക്കുന്നു. ഉദാ: ഔദ്യോഗിക ഭാഷ, കൊച്ചിൻ ഭാഷ, കോഴിക്കോടൻ ഭാഷ, ജൂത ഭാഷ, തിരുവിതാംകൂർ ഭാഷ, നസ്രാണി ഭാഷ, നിയമ ഭാഷ, പാലക്കാടൻ ഭാഷ, ഭരണ ഭാഷ, മാധ്യമ ഭാഷ, മാപ്പിള ഭാഷ എന്നിവ. കേരളത്തിൻറെ ഭൂമിശാസ്ത്രപരമായ കിടപ്പ്, അയൽ നാടുകളിലെ ഭാഷകളോടുള്ള ബന്ധം എന്നിവയാണ് ഈ വകഭേദങ്ങൾ രൂപപ്പെട്ടതിൻറെ കാരണങ്ങൾ. ഇത് മൂലം, ചില മലയാളം വാക്കുകളുടെ അർത്ഥത്തിലും ഉച്ചാരണത്തിലും വത്യാസവും വന്നിട്ടുണ്ട്.

വായനാശീലം വളർത്തേണ്ടത് വിജ്ഞാനത്തിനും ജീവിത പുരോഗതിക്കും അത്യന്താപേക്ഷിതമാണ്. ദിവസവും വായനക്ക് സമയം കണ്ടെത്തുകയും, പത്രങ്ങൾ, പുസ്തകങ്ങൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവ വായിക്കുക യും ചെയ്യുന്നത് ഉപകാരമാകും. വാക്കുകളെ വേർതിരിച്ചു പഠിക്കുകയും, പുതിയ വാക്കുകളുടെ അർത്ഥങ്ങൾ മനസ്സിലാക്കുകയും ചെയ്യണം. എന്താണ് വായിക്കുന്നതെന്നും, എന്തിനുവേണ്ടിയാണ് വായിക്കുന്നതെന്നും, വായിച്ചതി ൻറെ ഉള്ളടക്കമെന്തെന്നും ഓർത്തിരിക്കണം. ആവശ്യമെങ്കിൽ, അത് കുറിച്ചു വയ്ക്കണം. ഇഷ്ടമുള്ള വിഷയങ്ങൾ തിരഞ്ഞെടുക്കുകയും ആസ്വദിച്ചു വായിക്കുകയും ചെയ്യണം. ഓരോരുത്തരും അവരവരുടെ തൊഴിലിനോട് ബന്ധപ്പെട്ട വിഷയങ്ങളും, മത രാഷ്ട്രീയകാര്യങ്ങളും വായിക്കുന്ന രീതി തുടരുന്നു. വ്യാകരണപരമായ അറിവും, സങ്കീർണ്ണമായ സാഹിത്യത്തിൻറെ സാരാംശം മനസ്സിലാക്കാനുള്ള കഴിവും ആർജിക്കണം. ഓൺലൈൻ പ്രസിദ്ധീകരനങ്ങൾ വായിക്കുന്നവരാണ് മുന്നണിയിൽ. അനവധി വായനാ ഗ്രൂപ്പ്കളും പ്രവർത്തനത്തിൽ വന്നിട്ടുണ്ട്.

വായന ഒരു നല്ല ശീലമാണ്. പക്ഷേ, അതിലും ദുർഗ്ഗുണങ്ങളുണ്ട്. വായന കണ്ണുകൾക്ക് പ്രശ്നമുണ്ടാക്കുന്നു എന്നതാണ് ഒരു ദോഷം. വായനയിൽ മുഴുകിയിരിക്കുന്നവർ അവരുടെ ഉത്തരവാദിത്തം മറക്കുകയും, കുടുംബകാര്യങ്ങളിൽപോലും അശ്രദ്ധരാവുകയും ചെയ്യുന്നു എന്ന ആക്ഷേപമുണ്ട്. എന്നാൽ, ഇവയല്ലാം, വായനയുടെ രീതിയും സമയവും ക്രമപ്പെടുത്തി, ഒഴിവാക്കാവുന്നതാണ്. വായനക്ക് തടസ്സംനിൽക്കുന്ന മറ്റ് സംഗതികളി

ലൊന്ന് ശ്രദ്ധിച്ചു വായിക്കുവാൻ കഴിയാത്തവിധം ഉയരുന്ന പരിസരശബ്ദങ്ങളാണ്. സ്ഥല സൗകാര്യങ്ങളുടെ അഭാവവും വായനയെ ബാധിക്കുന്നു. സ്വസ്ഥതയോ ടെ വായിക്കുന്നതിന്, വായനക്കാരുടെ മാനസികാവസ്ഥകളും സാഹചര്യങ്ങ ളും അനുകൂലമാകണം. പ്രതികൂലമായ അനുഭവസ്മരണകൾ, ചിന്തകൾ, കുടുംബകലഹം, കുറ്റബോധം, ദുഃഖഭാരം, നിരാശ, എന്നിവ അലട്ടുമ്പോൾ സന്തുഷ്ട വായന സാധ്യമല്ല. മാനസികവും ശാരീരികവുമായ രോഗങ്ങളും വായനക്ക് തടസ്സമാകും. പലപ്പോഴും, ചില സ്ത്രീകൾക്കും പുരുഷന്മാർക്കും, ജോലിഭാരവും സമയക്കുറവും മൂലം വായിക്കാൻ വേണ്ട സൗകര്യം കിട്ടാറില്ല.

വായനയുടെ ഗുണങ്ങൾ എന്തെല്ലാമെന്നും അറിഞ്ഞിരിക്കേണ്ടതാണ്. വായന ഭാഷയുടെ സംരക്ഷണത്തിന് സഹായിക്കുന്നു. വായിക്കുമ്പോൾ, പുതിയ അറിവുകൾക്കൊപ്പം നവംനവംഗളായ ആശയങ്ങളും മനസ്സിൽ തെളിഞ്ഞു വരും. എന്നാൽ, വായന അറിവ് വർദ്ധിപ്പിക്കുന്ന ഒരു മാർഗ്ഗം മാത്രമല്ല, ശാരീകവും മാനസികവുമായ ആരോഗ്യം നൽകുന്ന മികച്ച ഗുണവുമാണ്. വായന, മാനസിക സമ്മർദ്ദവും വിഷാദവും അകറ്റി, മനസ്സിന് ശാന്തത നൽകുന്നു. വായന തലച്ചോറിന് നല്ല വ്യായാമം നൽകുന്നതിനാൽ, വാർദ്ധക്യത്തിൽ ഉണ്ടാകാവുന്ന ഓർമ്മക്കുറവ് അൽഷിമേഴ്സ് തുടങ്ങിയ രോഗങ്ങളെയും ചെറുക്കാൻ സഹായിക്കുന്നു. ആത്മബലവും ഭാവനയും സർഗ്ഗാത്മകതയും ഉണർത്തുന്നതിനും, ആയുസ്സ് വർദ്ധിക്കുന്നതിനും, സഹായിക്കുന്നു. വായിക്കുന്നവർക്ക്, വായിക്കാത്തവരെക്കാൾ ദീർഘായുസ് ലഭിക്കുന്നുവെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ഡിജിറ്റൽ സ്ക്രീനുകളിൽ വായിക്കുന്നതിനേക്കാൾ മെച്ചം, അച്ചടിച്ച പുസ്തകങ്ങൾ വായിക്കുന്നതാണ് ശാരീരിക ആരോഗ്യത്തിന് നല്ലതെന്നും പഠനങ്ങൾ പറയുന്നു. (വായനയും ആരോഗ്യവും സംബന്ധിച്ച പുസ്തകങ്ങളുമുണ്ട്). എപ്പോഴും, ജാഗ്രതയുള്ള വായനക്കാരുടെ കണ്ണുകളും കാതുകളും മനസ്സുകളും, ലോകത്തിൻറെ തിളക്കമാർന്ന ഭാവിയെ പ്രത്യാശയോടെ പ്രതീക്ഷിക്കുന്നു!

നോർത്തമേരിക്കയിലെ പ്രവാസികളുടെ മലയാളം വായന വികസിപ്പിക്കു വാൻ സാഹിത്യ സാംസ്കാരിക സംഘടനകളും, മലയാളം മാധ്യമങ്ങളും പരിശ്രമിക്കുന്നുമുണ്ട്. എന്നാൽ, ഡിജിറ്റൽ യുഗത്തിൻറെ ആധുനികമായ പ്രവണതകളിലാണ് മലയാളികളുടെ പുതു തലമുറക്ക് താൽപര്യം. അവർ, വായനക്ക് ഇബബുക്ക്, ഓഡിയോബുക്ക് എന്നിവ ഉപയോഗിക്കുന്നു. ഇബബുക്ക് അഥവാ ഇലക്ട്രോണിക്ക് ബുക്ക് എന്നത് കംബ്യൂട്ടർ, സ്മാർട്ട് ഫോൺ, ടാബ്ലെറ്റ് തുടങ്ങിയ ഡിജിറ്റൽ ഉപകരണങ്ങളിൽ വായിക്കാൻ കഴിയുന്ന ഡിജിറ്റൽ രൂപത്തിലുള്ള പുസ്തകമാണ്. ഒരു പുസ്തകം ഉച്ചത്തിൽ വായിച്ചു കേൾപ്പിക്കുന്ന റി ക്കോർഡിംഗാണ് ഓഡിയോ ബുക്ക്. ഇത് വായിക്കാനുള്ളതല്ല മറിച്ച് വായിച്ചുകേൾക്കുന്നതിനു വേണ്ടി ഉള്ളതാണ്. ഇതിന് പല ഗുണങ്ങളുമുണ്ട്.

യുവതലമുറ അവരുടെ ദിവസേനയുള്ള വായന ഇംഗ്ലിഷിലേക്കും മറ്റ് ഭാഷകളിലേക്കും തിരിക്കുന്നുണ്ട്. അതുകൊണ്ട്, ഈ ആധുനിക ഘട്ടത്തിൽ, വിദേശ മലയാളികളുടെ മലയാളം വായന മെച്ചപ്പെടുത്തുന്നതിനു വേണ്ട ഏറ്റവും പ്രധാനപ്പെട്ടകാര്യം, മലയാളം ഭാഷയുമായി ഒരു സുസ്ഥിരബന്ധം സ്ഥാപിക്കുകയെന്നതാണ്. ഇ-ബുക്ക് ആപ്ലിക്കേഷനുകൾ, ഓഡിയോ ബുക്ക് പ്ലാറ്റ്ഫോമുകൾ, മലയാളം സോഷ്യൽ മീഡിയ, മലയാളം വായന ഗ്രൂപ്പുകൾ മലയാളം പ്രസിദ്ധീകരണങ്ങൾ എന്നിവ ഉപയോഗിക്കുക. മലയാളം ഭാഷയിൽ സംസാരിക്കുന്നത് കേൾക്കുകയും, മലയാളികളോട് സംസാരിക്കുകയും, മലയാളം സിനിമകൾ കാണുകയും, മലയാളം വാർത്തകൾ ദിവസേന കേൾക്കുകയും ചെയ്താൽ, മലയാളം വായന മെച്ചപ്പെടുത്താൻ കഴിയും എന്നാണ് വിദഗ്ദ്ധാഭിപ്രായം. തുടർച്ചയായ പരിശീലനമാണ് സുഖകരമായ മലയാളം വായനയുടെ വഴി! മലയാളം വായനയുടെ മഹത്തായ ശബ്ദം ലോകമെങ്ങും മുഴങ്ങട്ടെ!




pravasi
CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
mediaappusa.com
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us